കൂടി, ആവശ്യമെന്നുകണ്ടാൽ സമരംചെയ്യുവാൻപോലും തങ്ങൾ നിർബ്ബന്ധിതരായി തീർന്നിരിക്കുന്ന വിവരം ഗവണ്മെൻറിനെ അറിയിക്കുകയും ചെയ്യുന്നു. താഴെ പറയുന്നവരെ ഉൾപ്പെടുത്തി ഒരു ആക്ഷൻ കമ്മറ്റി രൂപീകരിച്ചിരിക്കുന്നു.

൧.	ശ്രീ.	കുമ്പളത്തു ശങ്കുപിള്ള.
൨.	,,	എസ്. വാദരാജൻനായർ.
൩.	,,	അബ്ദുൽ അസീസ് എം. എൽ. എ.
൪.	,,	എസ്. എ. അൽമേഡ.
൫.	,,	ജെ. പി. ഫർണാണ്ടസ്.
൬.	,,	മാത്യു പെരയിര.
൭.	,,	സ്ളോമണി റൊസാരിയോ.
൮.	,,	ഫ്ളോറി അമ്പ്രോസ്.
൯.	,,	ജോർജ് വിക്ടർ.
൧൦.	,,	സൈമൺ ഡിക്രൂസ്.
൧൧.	,,	സി. ഡാനിയൽ.
൧൨.	,,	ഫിശ്വാസം വറീത്.
൧൩.	,,	ശങ്കരൻമുത്തു പാക്യം.
൧൪.	,,	അരുളപ്പൻ ഫർണാണ്ടസ്.
൧൫.	,,	മാനുവൽ ജാനറാ.
൧൬.	,,	തോപ്പിൽ കെ. ഗോപി.
൧൭.	,,	കെ. പ്രഭാകരൻ.

അവതാരകൻ Manual Jonet
അനുവാദകൻ J. P. Fernandez

RESOLUTIONS—*(contd.)*

Resolution recommending the appointment of an expert committee to enquire into the prospects of the industrial concerns in the State which are subsidised or managed by Government—*(cont.)*

ശ്രീ: പി. കെ. രാമൻ: സർ, നമ്മുടെ രാജ്യത്തിൻറെ വിദ്യാഭ്യാസനിലവാരം, ഗതാഗത സൗകര്യം, കടലോരസംബന്ധമായി വാണിജ്യത്തിനുള്ള സാധ്യത, രാജ്യത്തെ വിഭവങ്ങളെ പൂർണ്ണമായി ചെയ്യാൻ ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന വ്യവസായങ്ങൾ ഇവയെല്ലാം രാജ്യത്തിനു എത്രവിധം പ്രയോജനകരമായിരിക്കുമെന്നു് അന്വേഷിച്ചുനോക്കുമ്പോൾ ഗവണ്മെൻറിൻറെ വ്യവസായനയം തെറ്റാണെന്നു പറയുവാൻ ഒരു വ്യവസായ വിദഗ്ദ്ധനും സാധ്യമല്ലെന്നാണു് എൻറെ അഭിപ്രായം. എന്നാൽ വ്യവസായിക കാര്യങ്ങളിൽ സാങ്കേതികമായ അതിൻറെ സ്വഭാവംകൊണ്ടു് പലപ്പോഴും വിഷമതകളും പരാജയങ്ങളും സംഭവിക്കാറുണ്ടെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണു്. ഈ പരാജയം ബാങ്കുകൾ നടത്തുമ്പോൾ അടുത്തകൊല്ലം ഡിവിഡൻറ് വീതിക്കാമെന്നു പറയുന്നതുപോലെയല്ല. ഇൻഡ്യയിലെ വ്യാവസായികസംരംഭങ്ങൾ പൊതുവേ സാങ്കേതികമായ രീതിയിൽ വളരെ പിന്നിലാണെന്നു എല്ലാവരും സമ്മതിക്കും. ഇൻഡ്യക്കു വളരെ താഴ്ന്ന ഒരു നിലയാണു് ഇന്നു് വ്യവസായകാര്യത്തിൽ ഉള്ളതു്. യന്ത്രസംബന്ധമായിട്ടായാലും അതുപോലെയുള്ള മറ്റു സാങ്കേതിക വിഷയങ്ങളെ സംബന്ധിച്ചായാലും ഇൻഡ്യയിലെ ജനങ്ങൾ പൊതുവേ ഒരു താഴ്ന്ന നിലയിലാണു് ഇന്നു് നിലകൊള്ളുന്നതു്. അതിനുള്ള കാരണം ഇൻഡ്യ ഒരു അടിമരാജ്യമായിരുന്നു എന്നുള്ളതാണു്. അതുകൊണ്ടു് വ്യാവസായികമായി പുരോഗമിക്കുവാൻ ഇൻഡ്യക്കു സാധിച്ചില്ല. ലോകത്തിലെ പ്രമുഖ വ്യവസായ രാജ്യങ്ങളുമായി തുലനം ചെയ്തുനോക്കുമ്പോൾ ഇൻഡ്യയുടെ നില പത്താമതുമാത്രമാണു്. മോട്ടോർ വാഹനങ്ങൾ, കെമിക്കൽസ് ഇവ ഉണ്ടാക്കുന്നതിനുള്ള ഫാക്ടറികൾ തുടങ്ങി വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുവാൻ എല്ലാവിധത്തിലുമുള്ള കീഴ് വ്യവസായങ്ങൾ ഇൻഡ്യയിൽ ഏറ്റവും വേഗത്തിൽ സ്ഥാപിക്കുകയാണു് വേണ്ടതു്. അതുകൊണ്ടു് വ്യാവസായികകാര്യങ്ങളിൽ മുമ്പോട്ടുപോകുന്നതിനായി ഗവണ്മെൻറ് വളരെ കാര്യമായി പ്രവർത്തിക്കേണ്ട ഒരു സന്ദർഭമാണിതു്.

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. K. Raman].

തിരുവിതാംകൂറിൽ ഇപ്പോൾ ആരംഭിക്കുവാൻ പോകുന്ന ഒന്നരണ്ടു വ്യവസായത്തെ സംബന്ധിച്ചു് അനുകൂലമായും പ്രതികൂലമായുമുള്ള പരാമർശങ്ങൾ ഈ സഭയിലുണ്ടായി. ഇപ്പോൾ ആലുവായിൽ ഒരു ക്രാസ്റ്റിക്ക സോഡാ ഫാക്ടറി ആരംഭിക്കുവാൻ പോകുന്നു. അവിടത്തെ മോണോസൈറ്റ ഫാക്ടറിയുടെ ഒരു സബ്സിഡിയറി മാത്രമായതുകൊണ്ടു് അതു ഇൻഡ്യാഗവർമെൻറിന്റെ ചുമതലയിൽ വിടണമെന്ന ഒരു വാദം ഇവിടെ ഉന്നയിക്കയുണ്ടായി. ഈ വാദഗതി സാധാരണ സ്വഭാവരീതിക്കു് നേരെ വിപരീതിമാണെന്നു പറയാതെ നിവൃത്തിയില്ല. ഈ വ്യവസായങ്ങൾഓരോ സ്ഥലങ്ങളിലും സ്ഥാപിക്കുമ്പോൾ അവയുടെ സബ്സിഡിയറിയായിട്ടുള്ള വ്യവസായങ്ങൾ അവയോടുകൂടി ആരംഭിക്കുകയെന്നുള്ളതു സ്വഭാവികം മാത്രമാണു്. ഇപ്രകാരമുള്ള സബ്സിഡിയറി ഫാക്ടറികൾക്കു് എല്ലാ രാജ്യങ്ങളിലും പ്രോത്സാഹനം നൽകുകയാണു്പതിവു്. അതിനുവേണ്ടി മുൻകൈ എടുത്തു പ്രവർത്തിച്ചു് ധനനഷ്ടമുണ്ടാകാത്തവിധത്തിൽ നടത്തിക്കൊണ്ടുവരിക എന്നുള്ളതാണു് പരിഷ്കൃതരാജ്യങ്ങളിലെ രീതി. ഇതനുസരിച്ചു നോക്കുമ്പോൾ മുഖ്യ വ്യവസായങ്ങളോടുചേർന്നു് സബ്സിഡിയറി വ്യവസായങ്ങൾ സ്ഥാപിക്കേണ്ടതു അത്യാവശ്യംതന്നെയാണു്.

ഇൻഡ്യയും തിരുവിതാംകൂറുമായുള്ള ബന്ധം നോക്കുന്നപക്ഷം വ്യാവസായികമായി പലതും നമ്മുടെരാജ്യത്തിനു പ്രദാനംചെയ്യുവാൻ സാധിക്കും. നമ്മുടെ വിദ്യാഭ്യാസത്തിന്റെ നിലവളരെ ഉയർന്നതാണു്. ഇൻഡ്യയുടെ വിദ്യാഭ്യാസം പൊതുവേ പതിനാലുശതമാനമായിരിക്കുമ്പോൾ നമ്മുടേതു് ൪൫ശതമാനമാണു്. ഇൻഡ്യയിലെ ഒരു വ്യവസായപ്രമുഖൻ ഒരിക്കൽ അഭിപ്രായപ്പെട്ടതു് ഒരു രാജ്യത്തിനു അതിനെ രക്ഷിക്കണമെങ്കിൽ, പുറത്തുനിന്നുള്ള ശത്രുക്കളെ തടയുവാൻ സാധിക്കണമെങ്കിൽ, അവിടെ കാർഷികമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സംഖ്യ ൫൦ ശതമാനത്തിൻ കൂടുതലായിരിക്കരുതെന്നാണു്. ഇൻഡ്യയിൽ കാർഷികമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ശതമാനം ൬൬ ആണു്. വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവരുടെ ശതമാനം ൧൦ മാത്രവും. നേരേമറിച്ചു് ഇംഗ്ലണ്ടിൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ശതമാനം ൬൭–ം കൃഷിത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ശതമാനം ൫–ം ആണു്. ഇങ്ങനെ നോക്കുമ്പോൾ വ്യാവസായികമായി പുരോഗമിക്കാത്ത യാതൊരു രാജ്യത്തിനും പരിഷ്കൃതരാഷ്ട്രങ്ങളുടെ കൂട്ടത്തിൽ എത്തിച്ചേരുന്നതിനോ, സമാധാനമായും സന്തോഷമായും ജീവിക്കുന്നതിനോ സാദ്ധ്യമല്ല എന്നുകാണാം. വ്യവസായവും പരിഷ്കൃതജനതയുംതമ്മിൽ അഭേദ്യമായ ബന്ധമുണ്ടു്. ഇന്നലെ ഞാൻ ഇവിടെ പ്രസ്താവിക്കയുണ്ടായി, ശ്രീ. കുമരപ്പായുടെ ഗ്രാമസ്വരാജ്പരിപാടി ഇവിടെ നടപ്പിലാക്കണമോ, അതോ ബാംബേപ്ലാൻ അനുസരിച്ചു് നമ്മുടെരാജ്യം വ്യാവസായികമായി ഉയർത്തണമോ എന്നുള്ളതാണു് ഇന്നത്തെ ഇൻഡ്യയിലെ പ്രധാന പ്രശ്നമെന്നു്. നമ്മുടെരാജ്യത്തെ വ്യാവസായികമായി ഉയർത്താൻ സാദ്ധ്യമല്ലെന്നും ഗ്രാമസ്വരാജിന്റെ മാതൃകയിൽ കൈത്തൊഴിലുകൾകൊണ്ടു് നമ്മുടെരാജ്യത്തെ സംഘടിപ്പിക്കണമെന്നും ഒരഭിപ്രായം ബലപ്പെട്ടവരുന്നുണ്ടു്. വളരെ വിദഗ്ദ്ധന്മാരായ ആളുകൾ ഇന്നു് ഇക്കാര്യംസംബന്ധിച്ചു് പലവിധത്തിലുള്ള അഭിപ്രായങ്ങളും പുറപ്പെടുവിച്ചുവരുന്നുണ്ടു്. എന്നാൽ മറ്റുള്ള പ്രമുഖരാഷ്ട്രങ്ങളും ഇന്നു വ്യാവസായികമായി പുരോഗമിച്ചതിന്റെഫലമായിട്ടാണു് അവരുടെ ഇന്നത്തെ പരിഷ്ക്കാരവും ചിട്ടയും നിലയും കൈവന്നിട്ടുള്ളതെന്നു നാം ഓർമ്മിക്കേണ്ടതാണു്.

ഇൻഡ്യ വ്യാവസായികമായി പുരോഗമിക്കാതെ സാംസ്കാരികമായി പുരോഗമിക്കാൻ സാദ്ധ്യമല്ലെന്നാണു് എന്റെ ദൃഢമായ അഭിപ്രായം. അതുകൊണ്ടു് തിരുവിതാംകൂർ ഗവർമ്മെൻറിനു വ്യാവസായികനയത്തിൽ എന്തെങ്കിലും നഷ്ടംസംഭവിച്ചാൽതന്നെയും നമ്മുടെ ജനങ്ങളുടെ സാങ്കേതികമായ വ്യവസായമാർഗ്ഗങ്ങളിൽകൂടി അഭിവൃദ്ധിപ്പെടുത്തുക്കയുണ്ടാകുന്നതുകൊണ്ടുമാത്രമേ ഇൻഡ്യക്കു് മോക്ഷമുണ്ടാകയുള്ളു എന്നു് വിശ്വസിക്കുന്നു. നമ്മുടെ കടലോരപ്രദേശങ്ങളിലെ ജനങ്ങൾക്കു് വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതുകൊണ്ടല്ലാതെ നിലനിൽക്കുവാൻ സാദ്ധ്യമല്ല. ലോകത്തിൽ പൊതുവേ നോക്കിയാൽ നമ്മുടെരാജ്യം ജനസംഖ്യകൊണ്ടു് വളരെ ഭാരംവഹിക്കുന്ന ഒന്നാണു്. അങ്ങിനെയുള്ള ഈ രാജ്യം സമാധാനപൂർവ്വം മുമ്പോട്ടുപോകണമെങ്കിൽ വ്യവസായം അഭിവൃദ്ധിപ്പെടുത്താതെ സാദ്ധ്യമല്ല. ഇൻഡ്യയിലുള്ള പ്രമുഖന്മാരായ ആളുകളുടെ അഭിപ്രായം ഒരു രാജ്യത്തിലെ വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ പൊതുനില നോക്കുന്നതു് ആ രാജ്യത്തിലെ ആളുകൾ വ്യവസായസംരംഭങ്ങൾ ക്കായി ശ്രമശരി എന്തുമൂലധനം മുടക്കുന്നു എന്നുള്ളതിൽനിന്നു വേണമെന്നുള്ളതാണു്. ഇംഗ്ലണ്ടിൽ ശരാശരി മുടക്കു് ഒ ഫ ൦ രൂപയായിരിക്കുമ്പോൾ ഇൻഡ്യയിലേതു് ഫ ൻ രൂപ മാത്രമാണു്. ഈ തോതു് വളരെ അധികം മുമ്പോട്ടു കൊണ്ടുപോകാതെ നമുക്കു ക്ഷേമമു ണ്ടാക്കുവാൻ സാദ്ധ്യമല്ല. കാർഷികമായി നാം എത്ര സംതൃപ്തരാണെങ്കിലും ഒരു പരി ഷ്കൃതജനതക്കു് ആവശ്യമായ സംസ്കാരവിശേഷങ്ങളും വിദ്യാഭ്യാസസംബന്ധമായ നേട്ട ങ്ങളും കുറവാണെങ്കിൽ സംതൃപ്തി ഉണ്ടാക്കുവാൻ നമുക്കു് സാദ്ധ്യമല്ല. അതിനുവേണ്ടി വ്യാവസായികമായി രാജ്യത്തെ ഉയർത്തുക എന്നൊരു മാർഗ്ഗം മാത്രമേ ഉള്ളൂ.

ഇവിടെ നാം പ്രധാനമായി നോക്കേണ്ടതു് ഗവർമെൻറു മൻകൈ എടുത്തു പ്രവർത്തി ക്കുന്ന വ്യവസായങ്ങളിൽ ആകെ എത്ര തൊഴിലാളികൾക്കു് തൊഴിൽകൊടുക്കാൻ സാധി ക്കുന്നു എന്നാണു്. ഇതു പറയുമ്പോൾ കുറെയെല്ലാം ക്ഷീണവശം ഗവർമെൻറിനുണ്ടെന്നു പറയാതെ തരമില്ല. ആലപ്പുഴ ഒരു വലിയ വ്യവസായകേന്ദ്രമാണെങ്കിലും പണിമുടക്കുകളും ലാക്കൗട്ടുകളും ഇന്നു അധികമായി നടക്കുന്നതു അവിടെയാണു്. ഏറ്റവും അസംതൃപ്തരായ തൊഴിലാളികൾ അവിടെയാണുള്ളതു്. അവിടത്തെ തൊഴിലാളികൾക്കു ഗവർമെൻറു വ്യവസായശാലകളിലേതിനേക്കാൾ കൂടുതൽ ശമ്പളവും മറ്റനുകൂല്യങ്ങളുമുണ്ടു്. എ ന്നിരുന്നാലും ഈ അസംതൃപ്തി വളർത്തുവാനുള്ള കാരണം എന്താണെന്നു നാം അന്വേഷി ക്കേണ്ടതാണു്. ഗവർമെൻറു നടത്തുന്ന വ്യവസായങ്ങളിൽനിന്നു പറയത്തക്ക ലാഭം ഉണ്ടാ കുന്നില്ലെങ്കിലും അതിൽ പണിയെടുക്കുന്ന ആളുകൾക്കു് സംതൃപ്തരായി കഴിയുന്നതിനുള്ള മാർഗം ഉണ്ടായിരുന്നാൽമതി. തൊഴിലാളികളെ സംതൃപ്തരാക്കുവാൻ യാതൊരു ഗവർമെ ൻറുകൾക്കും സാദ്ധ്യമല്ലെങ്കിലും നമ്മുടെ മനസ്സാക്ഷി അനുസരിച്ചു അവർക്കു വേണ്ട അനുകൂ ല്യങ്ങൾ കൊടുക്കാൻ സാധിക്കുമെങ്കിൽ അതേറ്റവും പ്രയോജനകരമായിരിക്കും. പ്രത്യേ കിച്ചു ഗവർമെൻറുനടത്തുന്ന വ്യവസായങ്ങളിൽ ഇക്കാര്യത്തിൽ മറ്റുള്ളവക്കെല്ലാം ഒരു മാ തൃക നൽകേണ്ടതാണു്. ഈ പ്രാവശ്യത്തെ ഫിനാൽസ്മിനിസ്റ്ററുടെ ബഡ്ജറ്റുപ്രസംഗ ത്തിൽ ഗവർമ്മെൻറു പുതുതായി ആരംഭിക്കുവാൻപോകുന്ന വ്യവസായസംരംഭങ്ങളിൽ ഉ ദ്ദേശം ന ൦ ൦ ൦ ആളുകൾക്കു് തൊഴിൽനൽകുവാൻ സാധിക്കുമെന്നു ആശിക്കുന്നതായി പ്രസ്താവിക്കുകയുണ്ടായി. ന ൦ ൦ ൦—നു കൊടുക്കാൻ സാധിച്ചില്ലെങ്കിലും ന ൦ ൦ ൦—നു് എങ്കിലും തൊഴിൽ കൊടുക്കുവാൻ സാധിച്ചാൽ അതു ഗവർമ്മെൻറിന്റെ ഒരു വലിയ നേ ട്ടമായിരിക്കും. ഇന്നിവിടെയുള്ള തൊഴിലില്ലാത്ത ന ൦ ൦ ൦ ൦ ൦ പേർക്കു് ഏതുവിധ ത്തിൽ തൊഴിലുണ്ടാക്കിക്കൊടുക്കുമെന്നുള്ളതാണു് ഗവർമ്മെൻറിന്റെമുമ്പിലുള്ള ഏറ്റവും വ ലിയ പ്രശ്നം. തിരുവിതാംകൂറിൽമാത്രം തൊഴിലില്ലാത്തവരുടെ സംഖ്യ ന ൦ ൦ ൦ ൦ ൦ ആയിരുന്നെങ്കിൽ കൊച്ചിയുംകൂടി കൂട്ടിച്ചേർത്ത സ്ഥിതിക്കു തൊഴിലില്ലാത്തവരുടെ സംഖ്യ ഇതിലും ഭീമമായിരിക്കും. ഇതിൽ എത്രയാളുകൾക്കു ഇന്നു് തൊഴിലുണ്ടാക്കിക്കൊടുക്ക വാൻ ഗവർമ്മെൻറിനുസാധിക്കും? ഇന്നു് ഏതെല്ലാം വ്യവസായങ്ങൾ പുരോഗമിച്ചാ ലാണു് നമ്മുടെനാട്ടിൽ തൊഴിൽചെയ്യാൻ കഴിവുള്ളവർക്കെല്ലാം തൊഴിൽകൊടുക്കാൻ സാ ധിക്കുക എന്നുള്ളതാണു് ഗവർമ്മെൻറിന്റെ ജയാപജയങ്ങളെ അളക്കുന്ന മാനദണ്ഡം. ഈ സംഗതി സാധിക്കുന്നതിനുവേണ്ടി വ്യവസായങ്ങൾക്കു ധനസഹായംചെയ്യുന്നതു ന്യായം മാത്രമാണു്. ഇതിൽനിന്നും വലിയ ആദായം പ്രതീക്ഷിക്കുന്നതു തെറ്റാണെന്നാണു് എ ന്റെ അഭിപ്രായം. ഗവർമ്മെൻറു ഇക്കാര്യത്തിൽ ഒരു പ്രേരണ നൽകുകയാണു് വേണ്ടതു്. അതുകൊണ്ടു് മൂലധനംമുടക്കി ആദായം പ്രതീക്ഷിക്കുന്നതു നമ്മെസംബന്ധിച്ചിടത്തോളം അത്ര ശരിയല്ല. നമ്മുടെ വ്യവസായങ്ങൾ മുമ്പോട്ടുകൊണ്ടുപോകാനുള്ള ബാദ്ധ്യത ഇന്നു് ഗവർമ്മെൻറിനുണ്ടു്.

കൂടാതെ കമ്പനികളുടെ അക്കൗണ്ടു് സു് ആഡിറു ചെയ്യാൻ ആളുകളെ അയക്കണമെ ന്നു് പല ബഹു: മെമ്പറന്മാരും ഇവിടെ പ്രസ്താവിക്കയുണ്ടായി. നമ്മുടെനാട്ടിലെ കമ്പി നികളെസംബന്ധിച്ചിടത്തോളം ഇതു ശരിയായി നടപ്പുള്ള കാര്യമല്ലെന്നു പറയാതെ തര മില്ല. ഞാൻ ഒരു നിയമവിദഗ്ദ്ധനല്ലെങ്കിലും ഒരു കമ്പനിയെസംബന്ധിച്ചു ഈ രാജ്യത്തു എടുത്തുവരുന്ന നടപടികൾ എങ്ങിനെ അവസ്സാ ബാധകമായിരിക്കുമെന്നു് ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. കമ്പനി പരിശോധിക്കുവാൻ ചെല്ലുന്നവർ ഇന്നത്തെ നിയമങ്ങളനുസരിച്ചാണു് പരിശോധിക്കുന്നതു്, അവർ മിക്കവാറും ഗവർമ്മെൻറിനെ അനുകൂലിക്കയല്ലാതെ കമ്പനിയെ സഹായിക്കാറില്ല. അതുകൊണ്ടു് കമ്പനിയുടെ പ്രവർത്തനം ഒരു പരാജയമാ യിരിക്കാനെ നിവൃത്തിയുള്ളൂ. കമ്പനിയെ കഴിയുന്നത്ര സഹായിക്കുകയായിരിക്കണം ഗവ

LIBRARY ARCHIVES Kerala Legislative Assembly

[P. K. Raman]

മെൻറ്റെയ്യേണ്ടതു്. അല്ലാതെ അവരുമായി ഒരു തക്കത്തിൽ ഏർപ്പെടുന്നതു് ശരിയായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല ഇത്രയും സംഗതികൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു് ഞാൻ ഉപസംഹരിക്കുന്നു.

സാഹിബ് ബഹദൂർ ടി. എ. മൈയ്തീൻകുഞ്ഞു്: സർ, ഈ സംസ്ഥാനത്തെ വ്യവസായനയത്തെ സംബന്ധിച്ചു് രണ്ടുവാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സംസ്ഥാനത്തെ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും ഭാവിയിൽ എന്തു സാദ്ധ്യതകളുണ്ടു് ഉള്ളതെന്നു് അന്വേഷിക്കുന്നതിനുമായി ഒരു എക്സ്പെർട്ട് കമ്മറിയെ നിയമിക്കുന്നതു എല്ലാവിധത്തിലും നല്ലകാര്യമാണു്. ഇവിടെ ഇന്നലെ ഇതിനെ എടുത്തു സംസാരിച്ച ചില ബഹുമാനപ്പെട്ട മെമ്പന്മാർ പറയുകയുണ്ടായി, ഇപ്രകാരം ഒരു കമ്മറിയെ നിയമിച്ചു് ആ കമ്മറിയുടെ അഭിപ്രായം അനുസരിച്ചു് പ്രവൃത്തിക്കുവാനുള്ള സ്വാതന്ത്ര്യം ഈ ഗവൺമെണ്ടിനില്ലെന്നും അതുകൊണ്ടു് അങ്ങിനെ ഒരു അന്വേഷണം നടത്തുന്നതുകൊണ്ടു് യാതൊരു പ്രയോജനവും ഇല്ലെന്നും. അതു ശരിയാണെന്നു എനിക്കു അഭിപ്രായമില്ല. ഏതായാലും ഇവിടത്തെ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുവാനുള്ള സാദ്ധ്യതകൾ എന്താണെന്നെങ്കിലും അന്വേഷിക്കേണ്ടതു അത്യാവശ്യമാണു്. വ്യവസായം ഇവിടെ നടത്തുവാൻ ഇൻഡ്യാഗവൺമെണ്ടിന്റെ സഹായം ആവശ്യമാണെങ്കിൽ അതു വാങ്ങുവാനുള്ള പ്രശ്നം രണ്ടാമതായിമാത്രം ഉണ്ടാവിക്കുന്നതാണു്. അതുകൊണ്ടു് ഇവിടത്തെ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുവാനുള്ള മാർഗ്ഗങ്ങളന്വേഷിക്കേണ്ടതു അടിയന്തിരമായ ഒരു സംഗതിയാണു്. വാസ്തവത്തിൽ ഇപ്പോൾ സ്റ്റേറിനെ പ്രധാനമായി ബാധിക്കുന്ന ഒരു പ്രശ്നം വ്യവസായങ്ങൾ എവിടെയെല്ലാം തുടങ്ങുവാൻ സാധിക്കും എന്നുള്ളതാണു്. ഇന്നു രാജ്യത്തെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ വ്യവസായങ്ങളുടെ കാര്യത്തിലുള്ള ഗവൺമെണ്ടിന്റെ വീക്ഷണഗതിയ്ക്കു് വിപ്ലവകരമായ ഒരുമാറ്റം വരുത്താതെ ഈ പ്രശ്നത്തെ നേരിടുവാൻ സാധിക്കുന്നതല്ല. ഇന്നു് നവീനമായ എല്ലാ ചിന്താഗതികളുംതന്നെ രാഷ്ട്രത്തിന്റെ സാമ്പത്തികാഭിവൃദ്ധിയെ ലക്ഷ്യമാക്കിക്കൊണ്ടുള്ളതാണു്. ഇന്നു് ഈ രാജ്യത്തു ഗവൺമെണ്ടു് നടത്തുകൊണ്ടിരിക്കുന്ന വ്യവസായങ്ങളെ സംബന്ധിച്ചും അതിന്റെ അടിയിലുള്ള രഹസ്യങ്ങളെ സംബന്ധിച്ചും പറഞ്ഞാൽ അത്ര സുഖകരമായിരിക്കുകയില്ല. ഗവൺമെണ്ടു നേരിട്ടു എടുത്തു നടത്തുന്ന വ്യവസായങ്ങളും, ഗവൺമെണ്ടു ഓഹരി എടുത്തിട്ടുള്ള വ്യവസായങ്ങളും, പ്രൈവറ്റ് വ്യക്തികൾ നടത്തുന്ന വ്യവസായങ്ങളും ഉണ്ടു്. എന്നാൽ ഗവൺമെണ്ടു ഏറ്റെടുത്തു നടത്തുന്ന വ്യവസായങ്ങൾ പരാജയത്തിലാണു് നടന്നുകൊണ്ടിരിക്കുന്നതെന്നു് നമുക്കു് കാണുവാൻ കഴിയും. ഇതിന്റെ കാരണമെന്താണെന്നു പ്രത്യേകമായി ഒരന്വേഷണം നടത്തുന്നപക്ഷം നമുക്കു കാണുവാൻ സാധിക്കും, ഇവിടെ വ്യവസായങ്ങൾ വ്യക്തികളുടെ കയ്യിൽത്തന്നെ എന്നും ഉണ്ടായിരിക്കണമെന്ന താല്പര്യമുള്ള കക്ഷികളോടു അനുകൂലിച്ചുനിന്നുകൊണ്ടു്, ഗവൺമെണ്ടു് ഏറ്റെടുത്തു നടത്തുന്ന വ്യവസായങ്ങളെല്ലാം പരാജയം അടയുകയെയുള്ളു എന്ന ഒരു ബോദ്ധ്യം ഇവിടത്തെജനതയിൽ ഉണ്ടാക്കുവാൻ വേണ്ടിയാണെന്നു്. തൻമൂലം ഈ രാജ്യത്തെ വ്യവസായങ്ങളെല്ലാം ദേശീകരിക്കുന്നതിനു എതിരായ ഒരു മനോഭാവം ജനതാമദ്ധ്യേ പ്രചരിപ്പിക്കുന്നതിനു വേണ്ടിയാണു് ഗവൺമെണ്ടു ഈനയം അവലംബിച്ചിരിക്കുന്നതെന്നാണു് എനിക്കു തോന്നുന്നതു്, ഈ വക കാര്യങ്ങൾ വിശദമായി ഇവിടെ പറയുക എന്നവച്ചാൽ അതിനുവേണ്ടി മാത്രം വളരെ അധികം സമയം ആവശ്യമാണു്. ഏതായാലും ഗവൺമെണ്ടു ഏറ്റെടുത്തിട്ടുള്ള വ്യവസായങ്ങളെല്ലാം പരാജയം അടയുന്നതിനുള്ള കാരണം, ഗവൺമെണ്ടിന്റെ പക്ഷപാതപരവും ഉദാസീനപരവുമായ നയം ഒന്നുമാത്രമാണെന്നു വ്യവസായ കാര്യത്തിൽ വലിയ പരിജ്ഞാനമില്ലാത്തവരും എന്നാൽ രാജ്യക്ഷേമകാംക്ഷയുള്ളവരുമായ പൊതുജനങ്ങൾക്കു മനസ്സിലാക്കാൻ പ്രയാസമില്ല.. എന്താണു ഇവിടത്തെ വ്യവസായം അഭിവൃദ്ധിപ്പെടാത്തതു്? അതു ദേശവല്ക്കരിക്കേണ്ടതെങ്ങിനെ? ഇപ്പോൾ വന്നിരിക്കുന്ന അധഃപ്പതനത്തിനുള്ള കാരണമെന്തു്? ഇതെല്ലാം ആലോചിച്ചു കണ്ടുപിടിച്ചു അതിനുള്ള പരിഹാരം ഉണ്ടാക്കുവാൻ കഴിഞ്ഞാൽ ഈ രാജ്യത്തെ പല പ്രശ്നങ്ങൾക്കും അതോടുകൂടി പരിഹാരമുണ്ടാക്കുവാൻ കഴിയുമെന്നാണു് എന്റെ അഭിപ്രായം വ്യക്തികൾ വ്യവസായങ്ങൾ നടത്തുന്നതു പോലെയൊ, അതിനേക്കാൾ കൂടുതലായോ ഉള്ള ഉത്സാഹബുദ്ധിയോടുകൂടിയാണു ഗവൺമെണ്ടു വ്യവസായങ്ങൾ നടത്തുന്നതെന്നു തോന്നിപ്പോകത്തക്ക നിലയിലാണു് ഇപ്പോൾ ഗവൺമെണ്ടു പ്രവർത്തനത്തിലിരിക്കുന്ന പല വ്യവസായങ്ങളും നടത്തുന്നതു്. ഈ ആക്ഷേപകരമായ നിലയിൽ നടന്നിവരുന്ന ഈ തരം

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായങ്ങളുടെ ഇന്നത്തെ പ്രവർത്തന രീതിതന്നെ ഒന്നു മാറേണ്ടതാണു്. ഗവൺമെണ്ടു് ലാഭത്തിനു വേണ്ടിയല്ല, നേരേമറിച്ചു്, ഈ രാജ്യത്തെ പല വ്യക്തികളും കമ്പനികളും നടത്തിക്കൊണ്ടിരിക്കുന്ന വ്യവസായങ്ങൾക്കും വ്യവസായശാലകൾക്കും മാതൃകാപരമായ വിധത്തിൽ, മുതലാളിയും തൊഴിലാളികളും തമ്മിലുണ്ടായിരിക്കേണ്ട ബന്ധത്തെ സംബന്ധിച്ചും വേലയും കൂലിയും തമ്മിലുള്ള തത്വത്തെ സംബന്ധിച്ചും രാജ്യത്തെ വ്യാവസായിക താല്പര്യങ്ങളെ സംബന്ധിച്ചും മറ്റും ഉണ്ടായിരിക്കേണ്ട കാഴ്ചയിൽ ഏറ്റവും മാതൃകാപരമായ വിധത്തിൽ മറ്റുള്ളവക്കു കാണിച്ചു കൊടുക്കുവാൻ വേണ്ടിയും കൂടിയാണു് വ്യവസായങ്ങൾ നടത്തേണ്ടതു്. എന്നാൽ ഇന്നു ഗവൺമെണ്ടുവക വ്യവസായശാലകളിൽ മിക്കസ്ഥലങ്ങളിലും തൊഴിൽ തർക്കങ്ങൾ നിലവിലിരിക്കുന്നുണ്ടു്. അതു തീർക്കുന്നതിനു മറ്റുള്ള കമ്പനിക്കാരെ നിർബ്ബന്ധിക്കുന്നതുപോലെ, ലേബർ ഡിപ്പാർട്ടുമെൻറിനെ നിയോഗിക്കുവാൻ ഗവൺമെണ്ടു തയ്യാറില്ല. ഗവൺമെണ്ടുതന്നെ ഗവൺമെണ്ടുവക ഫാക്ടറികളോടു് എടുക്കുന്നനയം ഒന്നുവേറെയാണു്. കമ്പനികളുടേയും വ്യക്തികളുടേയും വകയായ ഫാക്ടറികളുടെ നേരെ ഒരു ചിറ്റമ്മനയമാണു അനുവർത്തിച്ചു വരുന്നതു്. ഗവൺമെണ്ടുവക ഫാക്ടറികളിൽ എന്തെങ്കിലും തൊഴിൽ തർക്കങ്ങൾ ഉണ്ടായാൽ ഗവൺമെണ്ടു അതിന്റെ നീതിയൊ ന്യായമൊ നോക്കാതെ, അതേപ്പറ്റി നിഷ്പക്ഷമായ ഒരു അന്വേഷണം നടത്താൻ ഒരുമ്പെടാതെ സ്വന്തം അഭിപ്രായത്തിൽ സ്വന്തം അധികാരം ഉപയോഗിച്ചു് ഒരു തീരുമാനം ചെയ്യുന്നതായിട്ടാണു് കണ്ടുവരുന്നതു്. ഇതുസംബന്ധിച്ചു് ഒരു വിദഗ്ദ്ധാഭിപ്രായത്തിനുപോലും വിട്ടുകൊടുക്കുവാൻ ഗവൺമെണ്ടു തയ്യാറാകുന്നില്ല. മാത്രമല്ല, ഇപ്പോൾ ഗവൺമെണ്ടു ജോലികൾക്കു് പബ്ലിക്കു് സർവ്വീസ്സു് കമ്മീഷനേയും മറ്റും ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ഇന്നത്തെ ഗവൺമെണ്ടു് അധികൃതന്മാരുടെ സ്വജനങ്ങൾക്കും ഇഷ്ടജനങ്ങൾക്കും ചില സൌജന്യങ്ങൾ ചെയ്യുന്നതിനുള്ള കേന്ദ്രങ്ങളായും ഈ സ്ഥാപനങ്ങളെ ഗവൺമെണ്ടു് ഉപയോഗപ്പെടുത്തുന്നതായി കാണുന്നു. ഗവൺമെണ്ടുദ്യോഗങ്ങൾ കൊടുക്കാൻ അധികാരികൾക്കു് ഇപ്പോൾ വിഷമതയുള്ളതുകൊണ്ടു് അവരുടെ അടുക്കൽ ആനുകൂല്യം കൊടുക്കുവാനും ഇത്തരം വ്യവസായശാലകൾകൊണ്ടു് ഗവൺമെണ്ടു ഉദ്ദേശിക്കുന്നുണ്ടു്: ഇതിലേക്കു എനിക്കു പല ഉദാഹരണങ്ങളും ചൂണ്ടിക്കാണിക്കുവാൻ കഴിയും. എങ്കിലും ഒരു ഉദാഹരണം ഞാൻ പറയാം. ചവറയിൽ മിനറൽഫാക്ടറിയിൽ കുറേക്കാലമായി കൺട്രാക്റ്റു നടത്തിക്കൊണ്ടിരുന്ന ഒരാളിനെ യാതൊരു കാരണവും പറയാതെ മാറ്റി ഒരു ദിവസം മറ്റൊരാളിനു കൺട്രാക്റ്റു കൊടുത്തതായി ഞാൻ അറിയുന്നു. ആ ആളിനു എന്തെല്ലാം മുതൽ മുടക്കുണ്ടെന്നോ, അയാളിന്റെ പശ്ചാതലം എന്തെല്ലാമാണെന്നോ അറിയാതെ അടുത്ത ദിവസം വേറൊരാളിനു കൊടുത്തു. ഇതിനും ഗവൺമെണ്ടു ഭാഗത്തുനിന്നും വേണമെങ്കിൽ ന്യായീകരണം കൊണ്ടുവരുവാൻ സാധിക്കും. എങ്കിലും അവിടങ്ങളിൽ പരക്കുന്ന സംസാരം തീർച്ചയായും ഒരു ഗവൺമെണ്ടിനും അഭിമാനകരമായ വിധത്തിലുള്ളതായിരിക്കുകയില്ല. അപ്രകാരം വിശ്വസിക്കുന്നതിനു് വളരെ ന്യായമുള്ള സാഹചര്യങ്ങളും സന്ദർഭങ്ങളും ഗവൺമെണ്ടു സൃഷ്ടിക്കാതിരിക്കുകയാണു വേണ്ടതു്. അതുമാത്രമായി ഇവിടത്തെ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തി രാജ്യത്തെ നന്നാക്കണമെന്ന ഗവൺമെണ്ടിനു ഉദ്ദേശമുണ്ടെങ്കിൽ ഇന്നത്തെ നിലയിൽ നിന്നും ഏറ്റവും ഭംഗിയായ നിലയിൽ ഈ രാജ്യത്തെ എല്ലാ വ്യവസായങ്ങളേയും ഏറ്റെടുത്തു നടത്തിക്കൊണ്ടു പോകുവാൻ ഗവൺമെണ്ടു മനസ്സുവ്വും തയ്യാറാകണമെന്നു് അഭിപ്രായപ്പെട്ടുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. എൻ. പി. വർഗീസ് : സർ; ഈ നാട്ടിലെ വ്യാവസായിക നയത്തെപ്പറ്റി പൊതുജനങ്ങളുടെയിടയിൽ വലിയ പരാതികളുണ്ടു. ഈയാണ്ടത്തെ ബഡ്ജറ്റു് എടുത്തു നോക്കിയാൽ ഏകദേശം അഞ്ചുകോടി രൂപാ ഗവൺമെണ്ടു് പല വ്യവസായങ്ങൾക്കുമായിമുടക്കിയിട്ടുള്ളതായി കാണാം. ഇത്രയും വമ്പിച്ച തുകഗവൺമെണ്ടു മുടക്കിയിട്ടുണ്ടെങ്കിലും ഇതിന്റെ ഡിവിഡൻറായി വലിയ സംഖ്യയൊന്നും ഗവൺമെണ്ടിനു കിട്ടിക്കാണുന്നില്ല. എന്റെ അറിവിൽ പെട്ടിടത്തോളം ഗവൺമെണ്ടു ഏറ്റെടുത്തു നടത്തുന്ന രണ്ടു വ്യവസായ ശാലകളിൽ നിന്നുമാത്രമാണു ഗവൺമെണ്ടിനു് ഇക്കൊല്ലം ആദായവീതം ലഭിച്ചിട്ടുള്ളതു്. പ്ലൈവുഡ് ഫാക്ടറിയിൽ നിന്നും രണ്ടുലക്ഷം രൂപയും, സിറാമിക് ഇൻഡസ്ട്രിയിൽ നിന്നും എഴുപതിനായിരം രൂപയും ഇങ്ങനെ രണ്ടുകമ്പനികളിൽ നിന്നുമാത്രമെ ഗവൺമെണ്ടിനു ആദായം കിട്ടിയതായി കാണുന്നുള്ളൂ. കൂടാതെ ഒരു ശതമാനവും അതിൽ കുറവായും ഓഹരികൾ എടുത്തിട്ടുള്ള പല കമ്പനികളും ഉണ്ടു്. അവയിൽനിന്നും ഗവൺമെണ്ടിനു

LIBRARY ARCHIVES Kerala Legislative Assembly

യാതൊരാദായവും കിട്ടുന്നതായി കാണുന്നില്ല. അഞ്ചു കോടിയിൽ പരം രൂപാ ഗവണ്മെണ്ടു് മുടക്കിയിരിക്കുന്നതായി കണ്ടതുകൊണ്ടും ഈ കമ്പനികൾ ഗവണ്മെണ്ടിനു കൂടി താല്പര്യപ്പെട്ടതാണല്ലൊ എന്ന കരുതിയും പൊതുജനങ്ങൾ ധാരാളം പണം ഈ കമ്പനികളിൽ മുടക്കിയിട്ടുണ്ടു്. മൊത്തത്തിൽ പറയുകയാണെങ്കിൽ എല്ലാ കമ്പനികളിലും കൂടി ഏകദേശം പത്തു കോടി രൂപാ ഈ രാജ്യത്തിന്റെ വകയായി മുടക്കുണ്ടു്. ഇങ്ങനെ ഗവണ്മെണ്ടിന്റെ വകയായും പൊതുജനങ്ങളുടെ വകയായും ധാരാളം പണം മുടക്കിയിട്ടുള്ള ഈ കമ്പനികളുടെ നടത്തിപ്പിനെ നിയന്ത്രിക്കേണ്ട ചുമതല ഗവണ്മെണ്ടിനുണ്ടെന്നാണു് എന്റെ അഭിപ്രായം. അങ്ങിനെ നിയന്ത്രിക്കേണ്ടതു അത്യാവശ്യമാണുതാനും. എന്നാൽ ഗവണ്മെണ്ടു ചെയ്തിരിക്കുന്നതു ഇങ്ങനെയുള്ള കമ്പനികളിൽ കൂടിയാൽ, അതും ഗവണ്മെണ്ടു വളരെ മുതലധനം മുടക്കിയിട്ടുള്ള വ്യവസായങ്ങളിൽ മാത്രം, ഒന്നോ രണ്ടോ ഡയറക്ടർമാരെ നിയമിക്കുക എന്നുള്ളതാണു്. ആ ഡയറക്ടർമാരാകട്ടെ, ഡയറക്ടർ ബോർഡിൽ ഹാജരാകുകഎന്നുള്ളതു കഴിച്ചാൽ കായ്മയായി ഒരു ജോലിയും ചെയ്യുന്നുമില്ല. ഔദ്യോഗികമായി മറ്റു കൃത്യങ്ങൾ കൂടി ചെയ്യുവാൻ ചുമതലപ്പെട്ട ഈ ഡയറക്ടർമാർക്കു് അതിനുള്ള സൌകര്യവുമില്ല. ഫാറസ്റ്റ് ഇൻഡസ്ട്രീസിനെ സംബന്ധിച്ചു് ജനങ്ങളുടെയിടയിൽനിന്നും ഉണ്ടായിട്ടുള്ള പരാതിയുടെ ഫലമായി ചീഫ് സിക്രട്ടറി ഉൾപ്പെട്ട ഒരു സബ് കമ്മറ്റിയെ അതിന്റെ പ്രവർത്തനത്തെ നിയന്ത്രിക്കുവാനായി ചുമതലപ്പെടുത്തുകയും തൽഫലമായി കഴിഞ്ഞ ആറുമാസത്തെ പ്രവർത്തനത്തിൽനിന്നും ഏകദേശം എട്ടൊൻപതു ലക്ഷം രൂപാ ആ കമ്പനിക്കു കൂടുതൽ ആദായം ലഭിക്കുവാൻ ഇടയാക്കുകയും ചെയ്തു എന്ന വസ്തുത ഈയവസരത്തിൽ പ്രത്യേകം സ്മരിക്കേണ്ടതാണു്. ഇന്നലെ ആ കമ്പനിയിലെ ഷെയർ ഹോൾഡേഴ്സ് മീറ്റിങ്ങിൽ സംബന്ധിച്ചു എനിക്കു അതു മനസിലാക്കുവാൻ സാധിച്ചു. അപ്പോൾ ഗവണ്മെണ്ടു ശരിയായ നിയന്ത്രണംചെയ്തിരുന്നാൽഗവണ്മെണ്ടുമുതൽമുടക്കിയിട്ടുള്ളമറ്റു പലവ്യവസായങ്ങളിൽനിന്നും ആദായം ഉണ്ടാക്കുവാൻ സാധിക്കും. അങ്ങനെ നിയന്ത്രണം ഏർപ്പെടുത്തേണ്ട കടമയും ഗവണ്മെണ്ടിനുണ്ടു്.

ഇവിടെ ഗവണ്മെണ്ടു് മുതൽ മുടക്കിയിട്ടുള്ള പല കമ്പനികളെപ്പറ്റിയും പല മെമ്പറന്മാരും പ്രസ്താവിക്കുകയുണ്ടായി. മെ. ശേഷശായി ബ്രദേഴ്സിനെപ്പറ്റിയും പറയുകയുണ്ടായി. ശേഷസായിയെസഹായിക്കുവാനുംപ്രോത്സാഹിപ്പിക്കുവാനും വേണ്ടി ഇതിനു മുമ്പിരുന്ന ഗവണ്മെണ്ടു് കണ്ണുമടച്ചു ധാരാളം പണം ചെലവാക്കുകയുണ്ടായി. എന്നാൽ ശേഷായിയാകട്ടെ, അദ്ദേഹത്തിന്റെ ഇഷ്ടംപോലെ കമ്പനികൾ നടത്തിക്കൊണ്ടു് പോകുകയാണു് ചെയ്തതു്. അതിന്റെ ഫലമായി, മി. ശേഷശായി ധാരാളം പണം സമ്പാദിക്കുകയും ചെയ്തു. എന്നാൽ ഗവണ്മെണ്ടിനാകട്ടെ ഈ കമ്പനികളിൽ നിന്നും ഒരാദായവും ലഭിക്കുന്നില്ല. സ്വന്തം ഇഷ്ടപ്രകാരം യാതൊരു സൂക്ഷ്മവുമില്ലാതെ പണം വാരിയെറിയുന്നതായ മി. ശേഷശായി നടത്തിക്കൊണ്ടു പോകുന്ന ഈ കമ്പനികളെപ്പറ്റി ഗവണ്മെണ്ടു വളരെ നിഷ്ക്കർഷയായി അന്വേഷണം നടത്തേണ്ടതാണു്. നമ്മുടെ രാജ്യത്തു കഴിഞ്ഞ നാലുവർഷങ്ങളായി പല കമ്പനികളും തുടങ്ങി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും ഗവണ്മെണ്ടു സഹായിക്കുന്ന ഈ കമ്പനികളുടെയെല്ലാം ഷെയർ മാർക്കറ്റു് ഇടിഞ്ഞു കൊണ്ടിരിക്കുന്നതിന്റെ കാരണവും അന്വേഷിക്കേണ്ടതാണു്. എല്ലാ വ്യവസായങ്ങൾക്കും പൊതുവെ ഇപ്പോൾ ഒരധഃപതനാവസ്ഥയാണുള്ളതെങ്കിലും ഷെയർ ഒന്നുക്കു് ഫാ രൂപാ നിന്നതു് നാലും അഞ്ചും രൂപായായി കുറയുവാനുള്ള കാരണമെന്താണെന്നുള്ളതു് പ്രത്യേകം ആരായേണ്ടതാണു്. വ്യവസായങ്ങൾ കായ്ക്ഷമതയില്ലാതെ നടത്തിവരുന്നതുകൊണ്ടും ശരിയായ പ്ലാനിങ്ങില്ലാതെ ഈ വ്യവസായങ്ങൾ ആരംഭിച്ചതുകൊണ്ടുമാണു് ഷെയർമാർക്കറ്റു് ഇത്രമേൽ ഇടിഞ്ഞുപോയിട്ടുള്ളതെന്നാണു് എന്റെ അഭിപ്രായം.

ഇവിടെ ഒരു പ്ലാനിങ്ങു് കമ്മീഷനെ നിയമിച്ചിട്ടുണ്ടു്. എന്നാൽ അതിന്റെ സംഘടനയും പ്രവർത്തനവും വളരെ അതൃപ്തികരമായിരിക്കുന്നു എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇൻഡ്യാഗവണ്മെണ്ടിൽനിന്നും ഈയിടെ ഒരു പ്ലാനിംഗു കമ്മീഷനെ നിയമിച്ചിട്ടുണ്ടു്. ഫണ്ടമെന്റൽ ഇൻഡ്യാ നാഷനൽ കോൺഗ്രസ്സിൽ നിന്നും ഒരു പ്ലാനിംഗു കമ്മിറ്റിയെ നിയമിക്കുകയും ആ കമ്മിറ്റിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി, ഫസ്റ്റ്-ൽ ഒരു പ്ലാനിംഗു് ഡിപ്പാർട്ടുമെണ്ടു് തുടങ്ങുകയും ആ ഡിപ്പാർട്ടുമെണ്ടിന്റെ കായ്ക്ഷമമായ പ്രവർത്തനത്തിനായി ഒരു പ്ലാനിംഗു അഡൈസറി ബോർഡ് രൂപവൽക്കരിക്കുകയും ചെയ്തിട്ടുണ്ടു്. ഒരു പ്ലാനിംഗു ബോർഡിന്റെ സഹകാർശ കൂടാതെ വ്യാവസായികമായൊ കാർ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷികമായൊ ഉള്ള യാതൊരു പദ്ധതികളും ആരംഭിക്കരുതെന്നുള്ള വ്യവസ്ഥയിൽ ഒരു സ്റ്റാറ്റ്യൂട്ടറിയായി നിയമിക്കപ്പെട്ടഒരു പ്ലാനിംഗ് കമ്മീഷനാണ് ഇപ്പോൾഇൻഡ്യാ ഗവമ്മെണ്ടിനുള്ളത്. ആ പ്ലാനിംഗുകമ്മീഷൻറെപ്രസിഡണ്ടായി ഒരുരാജ്യതന്ത്രജ്ഞനും അംഗങ്ങളായി, ഒരു നിയമജ്ഞനും കച്ചവട വ്യവസായ വിദഗ്ധനും ഒരു എക്കണാമിസ്റ്റും ഒരു പ്രമുഖ കർഷക വിദഗ്ധനും ഒരു സൈൻറിസ്റ്റും ആണ് നിയമിക്കപ്പെട്ടിരിക്കുന്നത്. ഇവിടെ ഒരു ചീഫ് സിക്രട്ടറിയേയും നാലൊ അഞ്ചൊ ഇൻഡ്യസ്ട്രിയലിസ്റ്റ്സിനേയും ചേർത്താണ ഒരു പ്ലാനിംഗുകമ്മീഷൻ രൂപവൽകരിച്ചിരിക്കുന്നത്. ഈ നിയമനം ഇക്കാര്യം കാര്യക്ഷമമായി നടത്തിക്കൊണ്ടു പോകുവാൻ പര്യാപ്തമാകുന്ന മന്നല്ലെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. എതായാലും ശരിയായ വിധം നയം രൂപവൽകരിക്കുന്നതിനും ഇവിടത്തെ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തി കൊണ്ടുപോകുന്നതിനും എവിടെയെല്ലാമാണ കമ്പനികൾ സ്ഥാപിക്കേണ്ടതു, ഏതെല്ലാം കമ്പനികളെയാണ് അഭിവൃദ്ധിപ്പെടുത്തണ്ടതു്, മാവർലാപ്പിങ്ങ് വല്ലതുമുണ്ടോ, ധനസഹായം ചെയ്യേണ്ടതുണ്ടോ, ഉണ്ടെങ്കിൽ എന്തുതുക ചെലവാക്കണം, എന്നിങ്ങിനെയുള്ള കാര്യങ്ങളെപ്പറ്റി സമഗ്രമായി അന്വേഷിച്ചു് കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിനു നിലയിൽ പ്ലാനിംഗുകമ്മീഷനെ പുനഃസംഘടിപ്പിക്കേണ്ടതാണ്.

൧൦ കോടി രൂപാ ജനങ്ങളിൽനിന്നും അഞ്ചു കോടി രൂപാ ഗവമ്മെണ്ടിൽനിന്നും മുടക്കി വലിയ വലിയ പദ്ധതികളും വലിയ വ്യവസായങ്ങളും ആരംഭിച്ചിട്ട അതു സംബന്ധിച്ചു യാതൊരു നയവും കൂടാതെ തുടൻകൊണ്ടു പോവുകയാണെങ്കിൽ ഇതു എവിടെ ചെന്നവസാനിക്കുമെന്നു് ആക്കും പറയാൻ സാധിക്കുകയില്ല. ഗവമ്മെണ്ടു് ഒരു മുൻകൈ എടുത്തു് ഈ വ്യവസായങ്ങളുടെ കാര്യത്തിൽ പ്രവർത്തിച്ചു വരുന്നതുകൊണ്ടു് ആളുകൾ ഈ വ്യവസായങ്ങൾ അധീനപ്പെടുത്തിച്ചു പോകയില്ലെന്നും അതു ഗവമ്മെണ്ടിനു് ലാഭകരമായിത്തന്നെ തീരുമെന്നും അതോടുകൂടി രാജ്യത്തിലെ ജനങ്ങൾക്കും പ്രയോജനകരമായിരിക്കുമെന്നും വിശ്വസിച്ചുകൊണ്ടാണ ജനങ്ങളും ഈ പണം മുടക്കിയിട്ടുള്ളതു്. അതുകൊണ്ടു ഈ ഗവമ്മെണ്ടിനു് ജനങ്ങളോടു ചെയ്യേണ്ട ചില കടമകളുണ്ടു്. ഈ കമ്പനികൾ ന്യായമായി ശരിയായി നടത്തുന്നുണ്ടോ എന്നന്വേഷിക്കേണ്ടതു് ഗവമ്മെണ്ടിൻെറ ചുമതലയാണു്. ഗവമ്മെണ്ടു ഏറെറടുത്തു നടത്തുന്ന വ്യവസായങ്ങളായാലും ശരി, ഗവമ്മെണ്ടു് പണം മുടക്കിയിട്ടുള്ള വ്യവസായങ്ങളായാലും ശരി, അവയുടെ ഭരണം വിജയകരമാക്കിത്തീർക്കുന്നതിനു ആവശ്യമുള്ള എല്ലാ നടപടിയും എടുക്കുന്നതു ഗവമ്മെണ്ടിനു ചുമതലയുള്ളതാണു്. ഈ സഭയ്ക്കുതന്നെ അതിനു പരിപൂർണ്ണാധികാരമുള്ളതാണു്. മാനേജരന്മാർ കമ്പനിയുടെ ചിലവും ധാരാളമായി കാണിച്ചുകൊണ്ടു് കണ്ടമാനം പണം കൈയിലെടുക്കുന്നതായിട്ടും എല്ലാം ധാരാളം പരാതികൾ ഉണ്ടു്. എതായാലും ഇതിനെക്കുറിച്ചു ഗവമ്മെണ്ടു ശരിയായ ഒരു അന്വേഷണം നടത്തണമെന്ന ഉദ്ദേശത്തോടു കൂടി ഞാൻ ഇതിനെ അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഗവമ്മെൻറിൽനിന്നും ഒരു പ്രകാരത്തിലല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ മുതൽമുടക്കി നടത്തുന്ന രണ്ടു വ്യവസായസ്ഥാപനമാണു് വഞ്ചിക്കൈമെൻസും, ട്രാവൻകോർ പോട്ടറിയും. ഈ രണ്ടു വ്യവസായസ്ഥാപനങ്ങളും കുറെനാളുകളായി മുടങ്ങിക്കിടക്കുകയാണു്. ഇത്തിക്കരയുള്ള ട്രാവൻകൂർപോട്ടറീസിൻെറകാര്യം പറയുകയാണെങ്കിൽ, തെക്കെ ഇൻഡ്യയിലെ ഏറവും വിദഗ്ധനായിട്ടുള്ള സിറാമിക്കു് എക്സ്പെർട്ടാണു് അതുനടത്തിക്കൊണ്ടിരുന്നതു്. ഗവമ്മെൻറു് സഹായധനത്തോടുകൂടി, അതായതു് ഗവമ്മെൻറിൻെറ നാനാവിധങ്ങളായ പ്രോത്സാഹങ്ങളോടുകൂടി ഒരു നല്ല മൂലധനത്തോടെ തുടങ്ങിയ ഒരു വ്യവസായമാണു് ഇതു്. അവസംസ്കൃതസാധനങ്ങളെപ്പറ്റിയാണങ്കിൽ കുണ്ടറ കിട്ടുന്നതിനേക്കാൾ മെച്ചമായ കളിമണ്ണും മറെറാസാധനങ്ങളും ഇവിടെ കിട്ടുന്നുണ്ടു്. ലേബറിൻെറ കാര്യമാണെങ്കിൽ വളരെ ചീപ്പാണു്. വെള്ളവും എലക്ട്രിസിറ്റിയും എല്ലാം ഉണ്ടു്. ഇങ്ങനെ ഉള്ള അനുകൂലപരിസരങ്ങളോടുകൂടി തുടങ്ങിയ ഈ ഫാക്ടറി ഇപ്പോൾ മുടങ്ങിക്കിടക്കുയാണു്. ഇതു് ഒരു കുടിൽ വ്യവസായരീതിയിൽ അവിടെ അടുത്തുള്ള വീടുകളിലും മറെറാള്ള ആളുകളുടെ സഹായത്തോടുകൂടി നടത്തുന്നതിനു ഒരു പ്രോഗ്രാം ഉണ്ടായിരുന്നു. ഈ സംഗതി ഗവമ്മെൻറു് വേണ്ടതുപോലെ അന്വേഷിച്ചു് പുനരുദ്ധരിക്കുന്നതിനു ശ്രമിക്കണം. ഇന്നു് ആ സിറാമിക്കു് എക്സ്പെർട്ടു് ബാംഗ്ലൂരിലൊ മറെറാ ഒരുദ്യോഗം സ്വീകരിച്ചിരിക്കുകയാണെന്നാണു് എൻെറ അറിവു്. നാം ആവശ്യപ്പെടുകയാണെ

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. Kunjukrishnan]

കിൽ അദ്ദേഹം ചിലപ്പോൾ ഇവിടെ വന്നേക്കും. തെക്കെ ഇൻഡ്യയിൽ ഏറ്റവും പ്രയോജനകരമായി നടത്താവുന്ന ഈ സിറാമിക്ക് സ്ഥാപനം പുനരുദ്ധാരണം ചെയ്യേണ്ടകാര്യത്തിൽ ഞാൻ ഗവൺമെൻറിന്റെ സത്വരശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. അതുപോലെതന്നെ വഞ്ചിക്ലേമയിൻസും. ക്ലേ ലോകമൊട്ടുക്ക് ആവശ്യമായിരിക്കുന്ന ഈ അവസരത്തിൽ ഈ സ്ഥാപനം പുനരുദ്ധരിക്കേണ്ടതു് അത്യാവശ്യമാണു്. കഴിഞ്ഞപ്രാവശ്യം ഇതിനെക്കുറിച്ചുണ്ടായ ഒരു ചർച്ചാവേളയിൽ ഗവൺമെൻറിൽനിന്നുതന്നെ ഇതു് സമ്മതിച്ചിരുന്നതാണു്. തൊഴിലാളികളുടേയും രാജ്യത്തിന്റേയും ഗവൺമെൻറിന്റേയും നന്മയെകരുതി ഈ കാര്യത്തിൽ ഉടൻ ശ്രദ്ധപതിക്കേണ്ടതാണു്.

ഈ അവസരത്തിൽ വ്യവസായദേശവൽക്കരണത്തെസംബന്ധിച്ചു് ഒരു വാക്കുപറയാനുണ്ടു്. നാം പല വ്യവസായങ്ങളിലും ഷെയർ എടുത്തിട്ടുണ്ടു്. പല വ്യവസായങ്ങളിലും മൂലധനം മുടക്കിയിട്ടുണ്ടു്. ചില വ്യവസായങ്ങളും ഏറ്റെടുത്തുനടത്തിവരികയുമാണു്. ഈ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തികൊണ്ടുപോകേണ്ട മാർഗ്ഗങ്ങളെപ്പറ്റി കൂട്ടുതലായി ഒന്നും പറയണമെന്നു് വിചാരിക്കുന്നില്ല. ഈ വ്യവസായങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റി പല പ്രാവശ്യവും വാദപ്രതിവാദം നടത്തിയിട്ടുള്ളതാണു്. കൂടിൽ വ്യവസായങ്ങളും വൻകിട വ്യവസായങ്ങളും ഒരേ രീതിയിൽതന്നെ ഈ നാട്ടിന്റെ സമ്പൽസമൃദ്ധിക്കു് ഉപകരിക്കുന്നതാണെന്നാണു് എന്റെ വിശ്വാസം. അതുകൊണ്ടു് കൂടിൽ വ്യവസായങ്ങളേയും വൻകിടവ്യവസായങ്ങളേയും സഹായിക്കേണ്ട ചുമതല ഗവൺമെൻറിനു് ഉണ്ടു്. വൻകിട വ്യവസായങ്ങൾ മുഴുവനും ദേശീകരിക്കുന്നതു് ശരിയാണൊ എന്ന സംശയമുണ്ടു്. ഗവൺമെൻറ് ഈമാതിരി വൻകിടവ്യവസായങ്ങളിൽ ഷെയറുകൾ എടുക്കുകയും മറുതരത്തിൽ അവയിൽ താല്പര്യം പ്രകടിപ്പിക്കുകയും ചെയ്യുന്നതു് ശരിതന്നെയാണു്. എന്നാൽ അതിനു ഒരു ന്യൂനതയായി പറയപ്പെടുന്നതു്, എന്റെ മാന്യസ്നേഹിതന്മാർ പലരും പറഞ്ഞതുപോലെ, ഗവൺമെൻറിൽനിന്നും ഇതേപ്പറ്റി അത്രമാത്രം താല്പര്യം പ്രകടിപ്പിക്കുന്നില്ല എന്നുള്ളതാണു്. സഹകാര്യവ്യവസായങ്ങളിൽ കാണുന്ന പേഴ്സനൽ ടച്ചു് ഗവൺമെൻറിനെസംബന്ധിച്ചിടത്തോളം ഗവൺമെൻറവ്യവസായങ്ങളിൽ കാണിക്കുന്നില്ല. ഗവൺമെൻറിന്റെ പണം ധാരാളം മുടക്കിയിരിക്കുന്ന ഈ കമ്പനികളുമായി ഗവൺമെൻറ് എപ്പോഴും പേഴ്സനൽ ടച്ചിലിരിക്കേണ്ടതാണു്. ഈ ന്യൂനതയെ പരിഹരിക്കുന്നതിനു എന്തെല്ലാം മാർഗ്ഗങ്ങളുണ്ടോ അതെല്ലാം ആരാഞ്ഞു് ഈ വ്യവസായസ്ഥാപനങ്ങളെ കാര്യക്ഷമമായരീതിയിൽ കൊണ്ടുവരേണ്ടതു് അത്യാവശ്യമാണു്. കൂടിൽവ്യവസായങ്ങളുടേയും നില അഭിവൃദ്ധിപ്പെടുത്തിയാൽ മാത്രമേ ഗ്രാമങ്ങളിൽ സമ്പൽസമൃദ്ധി ഉണ്ടാകുന്നതിനും നാം ഉദ്ദേശിക്കുന്ന യഥാർത്ഥ ഗ്രാമസ്വരാജ് ഉണ്ടാകുന്നതിനും ഇടയാവുകയുള്ളു. ഇത്രയും പറഞ്ഞുകൊണ്ടു് അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, വളരെ പ്രധാനപ്പെട്ടതും എന്നാൽ എന്റെ മാന്യസ്നേഹിതൻ മി: കെ. പി. നീലകണ്ഠപിള്ള പറഞ്ഞതുപോലെ ഒരു വിഷമം പിടിച്ചതുമായ ഈ പ്രമേയത്തെപ്പറ്റി ഒരുദിവസത്തിലധികം ഈ സഭ ചർച്ചചെയ്തകഴിഞ്ഞിരിക്കുന്നു. ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചപ്പോൾ ഇതിനെപ്പറ്റി ഒരുവാദപ്രതിവാദം നടത്തുന്നതു് പ്രയോജനത്തേക്കാൾ കൂടുതൽ ദോഷകരമായിരിക്കുമെന്നാണു് എനിക്കും തോന്നിയതു്. കാരണം എന്തുതന്നെയായാലും ഈ സംസ്ഥാനത്തു് ഗവൺമെൻറ് ഏറ്റെടുത്തു നടത്തുന്ന വ്യവസായസ്ഥാപനങ്ങളെസംബന്ധിച്ചും ഗവൺമെൻറ് മൂലധനം മുടക്കിയും ഓഹരിയെടുത്തുനടത്തുന്ന വ്യവസായസ്ഥാപനങ്ങളെസംബന്ധിച്ചും ശരിയായ ഒരു ധാരണ പരന്നിട്ടില്ലെന്നു് എനിക്കറിയാം. ഈ അവസരം ഉപയോഗിച്ചു് ചില സ്ഥിതിവിവരക്കണക്കുകൾ ഈ സഭയുടെ മുമ്പാകെ ഹാജരാക്കി ഒരു പ്രസ്താവനചെയ്തു് തെറ്റായ ധാരണയെ ഇല്ലാതാക്കുന്നതിനാണു് എന്റെ ശ്രമം. ഈ കമ്പനികളെസംബന്ധിച്ചു് ഈ സഭയിൽനിന്നും നിശിതമായ വാദപ്രതിവാദങ്ങളുണ്ടായി. ഈ ഗവൺമെൻറിനു് ഈ സഭയിൽനിന്നും മറച്ചുവയ്ക്കുന്നതായി യാതൊരുസംഗതിയും ഇല്ല. നേരെമറിച്ചു് ഈ സഭയിലെ അംഗങ്ങളെ വിശ്വാസത്തിലെടുത്തു അവരുടെ ഉപദേശവും അവരുടെ അംഗീകാരവും സമ്പാദിച്ചശേഷം വ്യാവസായിക പ്രവർത്തനങ്ങളെസംബന്ധിച്ചു് ഒരു നയം കൈക്കൊള്ളണമെന്നാണു് ഈ ഗവൺമെൻറിന്റെ ആഗ്രഹം. സർ, ഈ സംസ്ഥാനത്തു് ഗവൺമെൻറിൽനിന്നും നേരിട്ടുനടത്തുന്ന ചില വ്യവസായസ്ഥാപനങ്ങളുണ്ടു്. അതുപോലെതന്നെ ഗവൺമെൻറ് ഓഹരിയെടുത്തു് നടത്തുന്ന ചില വ്യവസായസ്ഥാപനങ്ങളും ഇവിടെ ഉണ്ടെന്നു ഞാൻ നേരത്തെ പറ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞു. ഗവണ്മെൻറിൽനിന്നും നേരിട്ടനടത്തുന്ന സ്ഥാപനങ്ങളെസംബന്ധിച്ചു് പല വിഷയങ്ങളും ഇവിടെ പ്രസ്താവിക്കാൻ ഇടയുണ്ടു്. ട്രാവൻകൂർ റബ്ബർഫാക്ടറി, പ്ലൈവുഡ്ഫാക്ടറി, സിറാമിക്ഫാക്ടറി ഈ മൂന്നെണ്ണമാണു് ഗവണ്മെൻറിൽനിന്നും നേരിട്ടനടത്തുന്ന സ്ഥാപനങ്ങൾ. അതുപോലെതന്നെ അടുത്തകാലത്തു ചവറയിലെ മിനറൽസു് ഫാക്ടറിയും ഗവണ്മെൻറു് ഏറെറടുത്തിട്ടുണ്ടു്. ട്രാവൻകോർ പ്ലൈവുഡ് ഫാക്ടറിയുടെ പ്രവർത്തനത്തെ സംബന്ധിച്ചുപറയുമ്പോൾ ഇതിനുമുമ്പു ഞാൻ പ്രസ്താവിച്ചതുപോലെ അതു് ആദായകരമായ രീതിയിൽ ആണു് നടത്തുന്നതെന്നു് പറയുവാൻ എനിക്കു് സന്തോഷമുണ്ടു്. പ്ലൈവുഡ് ഫാക്ടറിയുടെ പ്രവർത്തനം ഒരു സ്വകാര്യവ്യക്തി നടത്തിയകാലത്തു അതു് നിരന്തരമായി അധഃപ്പതിച്ചുവന്നതുകൊണ്ടാണു് ഗവണ്മെൻറു് അതു് രണ്ടുമൂന്നുകൊല്ലങ്ങൾക്കുമുമ്പു്, ഈ പ്ലൈവുഡ് വ്യവസായം നല്ലവരുമാനം സിദ്ധിക്കുന്ന തൊഴിലാണെന്നും ശരിയായിട്ടുപ്രവർത്തനം നടത്തുകയാണെങ്കിൽ ഒരു നല്ല ആദായം ഇതിൽനിന്നും കിട്ടുമെന്നും ഗവണ്മെൻറു് വിശ്വസിച്ചു് ഈ ഫാക്ടറി ഏറെറടുക്കുകയുണ്ടായതു്. അടുത്തകാലത്തു ബോംബയിലെ ഒരു കമ്പനിയുമായി റേഡിയോ ക്യാബിനറ്റു് ഉണ്ടാക്കുന്നതിനുള്ള ഒരു കരാറിൽ ഏർപ്പെടുവാൻ ഗവണ്മെൻറിനുകഴിഞ്ഞു. പ്ലൈവുഡ് ഫാക്ടറിയുടെ പ്രവർത്തനം വിജയത്തിലാണു് നടന്നുപോകുന്നതെന്നും റേഡിയോക്യാബിനറ്റ്സിൻെറ നിർമ്മാണം മൂലം ആകെ അടുത്തകൊല്ലം നാലുലക്ഷത്തോളമുള്ള രൂപാ ആദായം കിട്ടുമെന്നും ഉദ്ദേശിക്കുന്നു. മാത്രവുമല്ല ഇൻഡ്യാ ഗവണ്മെൻറിൻെറ ഇന്നത്തെ നയമനുസരിച്ചു് പ്ലൈവുഡു് വ്യവസായത്തിനു പ്രോത്സാഹനം ലഭിക്കുന്നതിനു ഇടയുണ്ടെന്നാണു കാണുന്നതു്. ആ നിലയിൽലാഭകരമായിട്ടതന്നെയാണു് ഗവണ്മെൻറിനെസംബന്ധിച്ചിടത്തോളം ആ വ്യവസായം തീരുവാൻ ഇടയുള്ളതെന്നു പ്രസ്താവിക്കുവാൻ എനിക്കു് സന്തോഷമുണ്ടു്.

സർ, തിരുവിതാംകൂർ റബ്ബർ ഫാക്ടറിയുടെ കഥയെപ്പററി ഈ ബഹുമാനപ്പെട്ട സഭയിലെ എല്ലാ അംഗങ്ങൾക്കും അറിയാവുന്നതാണു്. ഗവണ്മെൻറിൽനിന്നും അതേറെറ നടത്തിയശേഷം അതിൻെറ പ്രവർത്തനത്തെ പുനഃസംഘടിപ്പിക്കുകയും ആവശ്യമായ പല പരിഷ്കാരങ്ങളും വരുത്തുകയും ചെയ്തിട്ടുണ്ടു്. അതിൻെറ ഫലമായി ഈ അടുത്തവർഷത്തിൽ ൫൦,൦൦൦ രൂപയോളം ആദായമുണ്ടാകുമെന്നാണു് പ്രതീക്ഷിക്കുന്നതു്. വളരെയധികം ആദായം ഈ ഫാക്ടറിയിൽനിന്നും ഇതിനകം തന്നെ ലഭിച്ചുകഴിഞ്ഞിട്ടുണ്ടു്. വളരെ നിശിതമായ മത്സരങ്ങൾ വിപണികളിൽ നമുക്കുണ്ടെങ്കിലും ധാരാളം സാധനങ്ങൾ ഉല്പാദിപ്പിച്ചു് വിൽക്കുന്നതിനുള്ള സാദ്ധ്യത നമ്മുടെ മുമ്പാകെയുള്ള പതനത്തിൽ അതിൻെറ ആദായം ൫൦,൦൦൦ രൂപയിൽനിന്നും മേല്പോട്ടുപോകാനല്ലാതെ താഴോട്ടു ഇറങ്ങുവാൻ യാതൊരു കാരണവും ഞാൻ കാണുന്നില്ല.

സിറാമിക്കു് ഫാക്ടറിയെസംബന്ധിച്ചും രണ്ടു വാക്കു പറയേണ്ടതുണ്ടു്. ഈ ഫാക്ടറിയുടെ പ്രവർത്തനം ഇതിനുമുമ്പുള്ള രണ്ടു കൊല്ലം ആദായകരമായിട്ടാണു നടന്നതെങ്കിലുംകഴിഞ്ഞകൊല്ലം ചില പ്രത്യേക പരിതഃസ്ഥിതികളാൽ അതിനു അല്പം കോട്ടം തട്ടിയിട്ടുണ്ടു്. ആവ്യവസായത്തെ പുനരുദ്ധരിക്കുന്നതിനും കാലാനുസൃതമായപരിഷ്കാരങ്ങൾ വരുത്തുന്നതിനും ഗവണ്മെൻറു ഇപ്പോൾ നടപടികൾ എടുത്തുവരികയാണു്. ചാത്തന്നൂർ വക്കി ക്ലൈമെൻസ് വീണ്ടും പ്രവർത്തനത്തിൽ കൊണ്ടുവരുന്നതിനു് ഗവണ്മെൻറു് ആഗ്രഹിക്കുന്നുണ്ടു്. കഴിഞ്ഞകൊല്ലം ഒരു തുക അതിനുവേണ്ടി മാററിവച്ചെങ്കിലും അതുസംബന്ധിച്ചു യാതൊരു പ്രവർത്തനവും നടത്താൻ സാധിച്ചില്ല. അതിനു് ചിലപരിഷ്കാരങ്ങൾ വരുത്തേണ്ടതു് ഒരു വിദഗ്ധൻെറ റിപ്പോർട്ടിനെ ആസ്പദമാക്കി വേണമെന്നു തീരുമാനിച്ചതുകൊണ്ടാണു് അങ്ങിനെ സംഭവിച്ചതു്. മാത്രവുമല്ല കഴിഞ്ഞകൊല്ലം അവിടെ ഒരു തൊഴിൽകഴപ്പും ഉണ്ടായിരുന്നു. എന്നാൽ ഇക്കൊല്ലം അതിൽനിന്നും ൩൦,൦൦൦ രൂപയോളം ആദായമുണ്ടാകുമെന്നു് കണക്കാക്കപ്പെട്ടിട്ടുണ്ടു്. ചവറ മിനറൽസ് കമ്പനി ഏറെറടുത്തിട്ടു് ഏതാനുംമാസങ്ങളെ ആയിട്ടുള്ളൂ. ആദ്യകാലത്തു് ചില വിഷമതകൾ അതുസംബന്ധമായി ഗവണ്മെൻറിനു നേരിട്ടു. ആ വിഷമങ്ങളെല്ലാം ഇപ്പോൾ തരണം ചെയ്തിരിക്കുന്ന സ്ഥിതിക്കു് അതു് ആദായകരമായി പ്രവർത്തിക്കാൻ ഇടയുണ്ടെന്നുള്ള സംഗതി പ്രത്യേകമായി ഇവിടെ വിവരിച്ചു പറയേണ്ട ആവശ്യമില്ല. അതുസംബന്ധിച്ചു് പലതും ചോദ്യോത്തരവേളയിൽ വെളിവായിട്ടുണ്ടു്. ഞാൻ മുമ്പുപറഞ്ഞ മൂന്നു ഫാക്ടറികൾക്കുമായി ഏതാണ്ടു് ൩൦,൦൦൦൦ രൂപായാണു് ഗവണ്മെൻറു മുടക്കിയിട്ടുള്ളതു്. ആ മൂന്നു ഫാക്ടറിയിലും കൂടി ഏതാണ്ടു് ൧൫൦൦ ഓളം തൊഴിലാളികൾക്കു തൊഴിൽ കൊടുക്കാൻ സാധിച്ചിട്ടുണ്ടു്. തൊഴിലാളികളും മാനേജുമെൻറും ആയിട്ടുള്ള, ഇതിനുമുമ്പു ഒരിക്കൽ ഞാൻ പ്രസ്താ

LIBRARY ARCHIVES Kerala Legislative Assembly

[Sri. N. Kunju Raman]

വിച്ചുപോലെ കട്ടം അസുഖകരമല്ലാത്തനിലയിലാണ് മുന്നോട്ട നീങ്ങുന്നത്. ഒരു ബഹു മാനപ്പെട്ട മെമ്പർ തൊഴിലാളികളുടെ ഇടയിൽ വലുതായ അസപാസ്ഥ്യങ്ങൾ ഉണ്ടെന്നു പ്രസ്താവിച്ചതു് അതു ശരിയല്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഗവണ്മെൻറിൽ നിന്നും ആ വ്യവസായങ്ങൾ ഏറെറടുത്തു നടത്തിയതു് വെറും ലാഭത്തെമാത്രം ആശിച്ചല്ല. തൊഴിലില്ലാത്തവർക്കു് തൊഴിൽ കൊടുക്കണമെന്നുള്ള ആഗ്രഹത്തെകൂടി അടിസ്ഥാനമാക്കി യാണു് അവ ഏറെറടുക്കാൻ ഇടയായതു്. എന്നാൽ അങ്ങനെ ഏറെറടുത്തു് പ്രവർത്തനം നടത്തിയപ്പോൾ അവ ലാഭകരമായിട്ടുകൂടി പരിണമിച്ചിട്ടുണ്ടു്. അതാണു് ഗവണ്മെൻറിൽ നിന്നും ഏറെറടുത്തു നടത്തുന്ന വ്യവസായങ്ങളെസംബന്ധിച്ചു് സാമാന്യമായി എനിക്കു പറയാനുള്ളതു്. ആ വ്യവസായങ്ങളെസംബന്ധിച്ചിടത്തോളം അവകൂടുതൽ കാര്യക്ഷമമായിന ടത്തേണ്ട ആവശ്യമാണെന്നു ഒരു വാദഗതി ഈ സഭയിൽ പലരും ഉന്നയിക്കുകയുണ്ടായി. പുതിയതായി ഒരു എക്സ്പർട്ടിനെ കൊണ്ടുവന്നു് അവ പരിശോധിക്കണമെന്നും അവയുടെ പ്രവർത്തനം പുനസംഘടിപ്പിക്കണമെന്നുമുള്ള ഒരഭിപ്രായം സഭയുടെ ഒരുകോണിൽ നിന്നു ഉണ്ടായതായി എനിക്കറിയാം. ഇന്നത്തെനിലയിൽ അതിൻെറ അത്യാവശ്യകത നേരിട്ടി ട്ടില്ലെങ്കിലും അവയുടെ പ്രവർത്തനം വിദഗ്ധോപദേശംമൂലം പുനസംഘടിപ്പിക്കുന്നതിനും കൂടുതൽ ആദായകരമായമാർഗ്ഗത്തിൽകൂടി പ്രവർത്തിപ്പിക്കുന്നതിനും ഗവണ്മെൻറു് ആഗ്രഹി ക്കുന്നുണ്ടെന്നു മാത്രമേ എനിക്കു ഈ അവസരത്തിൽ പറയാനുള്ളു.

സർ, ഇനി എനിക്കു് പ്രസ്താവിക്കുവാനുള്ളതു് ഗവണ്മെൻറിൽനിന്നും മൂലധനം മുട ക്കി നടത്തുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചാണു്. ആ സ്ഥാപനങ്ങളെസംബന്ധിച്ചും അതിൻെറ മാനേജിംഗു് ഏജൻസികളുടെ കാര്യക്ഷമത കുറവുകളെ സംബന്ധിച്ചുംമറും ചില വിമർശനങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ടു്. ഗവണ്മെൻറിൽനിന്നും പ്രധാനപ്പെട്ടി ത്ര വ്യവസായങ്ങളിൽ ഓഹരി എടുത്തിട്ടുണ്ടു്. ഈ ത്ര വ്യവസായങ്ങളിലായി ഏ താണ്ടു് നാലു കോടി പതിനെട്ട ലക്ഷത്തിൽപരം രൂപാ മുടക്കിയിട്ടുണ്ടു്. ലോണായി ഒരു കോടി ഇരുപത്തൊൻപതു ലക്ഷത്തോളം രൂപ കൊടുത്തിട്ടുമുണ്ടു്. ഈ ത്ര വ്യവസായ ങ്ങളിൽ ഇന്നു് ഗവണ്മെൻറിനു ഡിവിഡണ്ടു ലഭിക്കുന്ന ആറു് വ്യവസായ സ്ഥാപനങ്ങൾ ഉണ്ടു്. നാലെണ്ണം ഇപ്പോൾ ഈ അടുത്തകാലത്തു് ട്രയൽ പ്രൊഡക്ഷൻ നടത്തി തുടങ്ങി യിട്ടുള്ളവയാണു്. മൂന്നെണ്ണം ഇതുവരെ തുടങ്ങിയിട്ടില്ല. സിമൻറു് ഫാക്ടറിയിൽനിന്നു് ഒരു ഡിവിഡൻറു് നമുക്കു പ്രതീക്ഷിക്കാവുന്നതാണു്. ആ നിലയിൽ ഇവിടെ ചിത്രീക രിക്കാൻ ചിലർ ശ്രമിച്ചുപോലെ അത്രവളരെ അപകടത്തിനും ഭീതിക്കും അവകാശമില്ല. റേയൻസു്, വിജയമോഹിനിമിൽസു്, അലുമിനിയം ഇൻഡസ്ട്രീസു്, ഇനാമൽ ഇവയെ ല്ലാം പ്രവർത്തനം തുടങ്ങിയതെയുള്ളു. ഇവയിൽനിന്നെല്ലാം നമുക്കു ഡിവിഡൻറു് പ്രതീ ക്ഷിക്കാവുന്നതാണു്. തിരുവിതാംകൂർ സ്റ്റീംനാവിഗേഷൻ കമ്പനി ഇപ്പോൾ ലിക്വിഡേ റ്റുചെയ്തുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടു് ഗവണ്മെൻറിനു യാതൊരു നഷ്ടവും ഇല്ല. ഇവിടെ പ്രധാനമായും പരാമർശനത്തിനു വിധേയമായതു ഫെട്ടിലൈസേഴ്സു് ആൻഡു് കെമിക്കൽസും, ഫാറസ്റ്റു് ഇൻഡസ്ട്രീസു്ം ആണു്. ഫെട്ടിലൈസേഴ്സു് ആൻറു് കെമി ക്കൽസിനെപ്പററി ഇവിടെ പല ആരോപണങ്ങളും ഉണ്ടായി. ഗവണ്മെൻറിൽനിന്നും വളരെപണം മുടക്കിയിട്ടുള്ള സ്ഥാപനമാണു് അതെന്നു ഞാൻ സമ്മതിക്കുന്നു. വളരെ രാ ജ്യവ്യാപകമായ പ്രാധാന്യമുള്ള ഒരു വ്യവസായമാണതു്. അതു പ്രവർത്തനം തുടങ്ങിയിട്ടു രണ്ടു കൊല്ലത്തോളമായി. ആദ്യകൊല്ലത്തിൽ ഒൻപതുലക്ഷം രൂപാ നഷ്ടമുണ്ടു്. രണ്ടാമ ത്തെ കൊല്ലത്തിൽ ഒൻപതുലക്ഷം രൂപാ ആദായമുണ്ടാകുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കു ന്നതു്.

ശ്രീ. പോറ്റി തളിയത്തു്: ഏതുകൊല്ലത്തിലാണു് ആ ആദായം കിട്ടുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഒൻപതു ലക്ഷംഎന്നുപറയുന്നതു് ഫർദർ അവസാനത്തിൽ ഉണ്ടാകുമെന്നാണു് പ്രതീക്ഷിക്കുന്നതു്. ഇന്നു് അതിൻെറപ്രവർത്തനം ക്രമപ്രവൃദ്ധമായി അഭി വൃദ്ധിപ്പെട്ടുവരികയാണു്. അടുത്തകൊല്ലം ഫർദർ–ൽ ഡിവിഡൻറു് എടുക്കാൻസാധിക്കു മെന്നാണു എനിക്കുതോന്നുന്നതു്. ആ നിലയിൽ ആ വ്യവസായത്തിൽ യാതൊരാപത്തുമില്ലെ ന്നുപ്രസ്താവിക്കാൻ കഴിയും. ഒരുപക്ഷെ അതിൻെറ ആദ്യകാലത്തു് കൺസ്ട്രക്ഷൻസു് ചി ലവു കൂടിട്ടുണ്ടായിരിക്കാം. എന്നാൽ അതൊരുവലിയകാര്യമല്ലെന്നു് ഞാൻ പറയാൻ ആഗ്ര ഹിക്കുന്നു. ബീഹാറിൽ ഇതുപോലെ ഒരു ഫാക്ടറി സ്ഥാപിക്കാൻ ഇൻഡ്യാ ഗവണ്മെൻറു് ശ്രമിക്കുന്നതായി എല്ലാവർക്കും അറിയാവുന്നതാണു്. ഇവിടത്തെ ഫാക്ടറിയുടെ ആറിരട്ടി ഉൽപാദിപ്പിക്കാവുന്ന ആ ഫാക്ടറിക്കു് ഇരുപതുകോടിയിൽപരം രൂപചിലവുണ്ടെന്നാണു്

LIBRARY ARCHIVES Kerala Legislative Assembly

അറിവ്. ആ കണക്കുനോക്കുമ്പോൾ ഇവിടെ അനാവശ്യമായി പണം ചെലവാക്കി എന്നു പറയുന്നതു ശരിയല്ല.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: അതു് മുഴുവൻ ഇൻഡ്യാഗവൺമെൻറല്ലേ നടത്തുന്നതു് ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ആരു നടത്തിയാലും അതിൻെറ ചെലവിനെക്കുറിക്കാനാണു് ഞാൻ ഇതു പറഞ്ഞതു്. ഇവിടത്തെ ഫാക്ടറിക്കു് ചെലവായതിൻെറ എഴിരട്ടി അവിടെ ചിലവുചെയ്യു. ഇനിയും തുക ചിലവിടേണ്ടിവരുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഇവിടെ ബഹുമാനപ്പെട്ട മെമ്പറന്മാർ ഉന്നയിച്ച ആക്ഷേപങ്ങൾക്കെതിരായി ഞാൻ ഡിഫൻഡ്ചെയ്യുകയല്ലേ ചെയ്യുന്നതു്. എന്നാൽ അതേസമയത്തു് ഈ ബഹുമാനപ്പെട്ട സഭ മുമ്പാകെ ശരിയായ വസ്തുതകൾ വക്കേണ്ടതു് എൻെറ കർത്തവ്യമാണെന്നു ഞാൻ കരുതുന്നു. ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസിലേക്കു് ജിപ്സം വാങ്ങിക്കുന്നതു് തൂശിനാപ്പള്ളിയിൽനിന്നാണെന്നും അതു് മിസ്റ്റർ ശേഷശായിക്കു താല്പര്യമുള്ള ഒരു കമ്പനിയിൽനിന്നാണെന്നും ഇവിടെ പറയുകയുണ്ടായി. കാര്യം ശരിയാണു്. പക്ഷെ ഇൻഡ്യയിൽ ഏതു സ്ഥലത്തുനിന്നും കിട്ടുന്നതിൽ കുറഞ്ഞ വിലക്കാണു് അവിടെനിന്നും കിട്ടുന്നതു്. ഇതുപോലെയുള്ള പല ആരോപണങ്ങളും ഗവൺമെൻറിൻെറ മുമ്പിൽ കിട്ടുകയും ആ ആരോപണങ്ങൾ അധികവും അടിസ്ഥാനരഹിതമാണെന്നു തെളിയുകയുംചെയ്തിട്ടുണ്ടു്. ആ കമ്പനിയിൽനിന്നും ആദായമീതം ഇതുവരെ കിട്ടിയില്ലെന്നുവച്ചു് വളരെ നിരാശപ്പെടേണ്ട ആവശ്യമില്ലെന്നു് ഇതിനുമുമ്പു് ഒരിക്കൽ പറഞ്ഞതു് ഞാനിപ്പോഴും ഓർമ്മിപ്പിച്ചുകൊള്ളുന്നു.

ഫാറസ്റ്റ് ഇൻഡസ്ട്രീസിൻെറ പ്രവർത്തനം നഷ്ടത്തിലാണു് ഇരിക്കുന്നതു്. എന്നാൽ മൂന്നുനാലു മാസത്തിനുമുമ്പു് അതിൻെറ പ്രവർത്തനം പുതിയ രീതിയിൽ നടത്തുന്നതിനു് ഒരു കമ്മറിയെ നിയമിച്ചിരുന്നു. കമ്മറിയുടെ പ്രവർത്തനഫലമായി മൂന്നു മാസത്തിനകം നാല്പതിനായിരത്തിൽപരം രൂപാ ലാഭകരമായിട്ടാണു് പ്രവൃത്തിക്കുന്നതെന്നും ആ നിലയിൽ മുന്നോട്ടുപോവുകയാണെങ്കിൽ ഏതാനും കൊല്ലംകൊണ്ടു് ഇതുവരെ ഉണ്ടായിട്ടുള്ള നഷ്ടം മുഴുവൻ പരിഹരിക്കാൻ കഴിയുമെന്നുമാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. എൻ. പി. വരദീസ്. അൻപതിനായിരം രൂപയോളം സാലറി ചെലവുണ്ടായിരുന്നതു് ഏഴായിരം രൂപയായി കുറവുചെയ്ത എന്നു് അറിയാമോ ?

ശ്രീ എൻ. കുഞ്ഞുരാമൻ: അതും കമ്മറിയുടെ നിർദ്ദേശപ്രകാരം നടത്തിയതുകൊണ്ടു വന്നതാണു്. മൂന്നു മാസത്തെ പ്രവർത്തനംകൊണ്ടു് നാല്പതിനായിരത്തിൽപരം രൂപാ ലാഭമുണ്ടെന്നു് ഇന്നലെ എനിക്കു കിട്ടിയ റിപ്പോർട്ടിൽനിന്നും മനസ്സിലാകുന്നു.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസിലും, ഇങ്ങനെയൊരു നിയന്ത്രണം ഏർപ്പെടുത്തിയാൽ ലാഭം ഉണ്ടാവുകയില്ലെ ?

ശ്രീ എൻ. കുഞ്ഞുരാമൻ: അതിനേയും അഡിറ്റുചെയ്യാൻ വേണ്ട ഏർപ്പാടുകളും ചെയ്യുന്നുണ്ടു്. ഈ ഫാറസ്റ്റ് ഇൻഡസ്ട്രീസിൻെറ പ്രവർത്തനംവെച്ചുകൊണ്ടുമാത്രം ഇവിടത്തെ വ്യവസായങ്ങളെസംബന്ധിച്ചു് ഒരു വിധിയെഴുതാൻ നാം ശ്രമിക്കരുതെന്നാണു് എനിക്കു പറവാനുള്ളതു്. അതുപോലെതന്നെ ഫെർട്ടിലൈസേഴ്സ്ആൻറ് കെമിക്കൽസിനെ സംബന്ധിച്ചിടത്തോളവും ഇന്നു ബഹുമാനപ്പെട്ട മെമ്പറന്മാർ പ്രസ്താവിച്ചുകേട്ട അഭിപ്രായമല്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

The House rose [for lunch at 1 p.m. and reassembled at 2 p.m. with Mr. Deputy Speaker in the Chair.

ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, ഞാൻ പറഞ്ഞുവന്നതു് ഫെർട്ടിലൈസേഴ്സിൻെറയും ഫാറസ്റ്റ് ഇൻഡസ്ട്രീസിൻേറയും പ്രവർത്തനത്തെ സംബന്ധിച്ചാണു്. ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസിൻെറ പ്രവർത്തനത്തെ സംബന്ധിച്ചു് ഒന്നുരണ്ടാരോപണങ്ങൾ ബഹു. മെമ്പറന്മാർ ഈ സഭയിൽ കൊണ്ടുവരികയുണ്ടായി. അസംസ്കൃത സാധനങ്ങൾ കിട്ടാത്തതുകൊണ്ടോ അല്ലെങ്കിൽ ന്യായീകരിക്കാൻ പാടില്ലാത്ത മറ്റു കാരണങ്ങളാലോ ആ കമ്പനി ക്രമക്കേടു അടച്ചിട്ടുന്നു എന്നു പറയുകയുണ്ടായി. എന്നാൽ ഇടയ്ക്കിടെ ഓരോരിക്കൽ അവിടത്തെ മെഷിനറി പരിശോധിക്കുന്നതിനും വൃത്തിയാക്കുന്നതിനും അടച്ചിടേണ്ട ആവശ്യമുണ്ടു്. അസംസ്കൃത സാധനങ്ങൾ കിട്ടാത്തതുകൊണ്ടു് ആ ഫാക്ടറി ഒന്നിലധികം പ്രാവശ്യം അടച്ചിട്ടുള്ളതായി ഗവൺമെണ്ടിനറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാറം തളിയത്തു്: സപ്ലൈർ കിട്ടാത്തതുകൊണ്ടു് ഫാക്ടറി അടച്ചിട്ടതായി ചീഫ് മന്ത്രി പറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതുകൊണ്ടാണു് ഞാൻ പറഞ്ഞതു് മന്നിലധികം പ്രാവശ്യം അടച്ചിട്ടില്ലെന്നു്. ഏതായാലും ഈ വ്യവസായത്തെ അഭിവൃദ്ധികരമായി മുമ്പോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്നാണു് ഞാൻ നേരത്തെ പറഞ്ഞിട്ടുള്ളതു്.

സർ, ഈ രാജ്യത്തു് ഈ അടുത്തകാലത്തുണ്ടായിട്ടുള്ള വ്യവസായമാന്ദ്യവും തൊഴിൽ കുഴപ്പവും ഉല്പാദനച്ചിലവിന്റെ കൂടുതലും ഉല്പാദനത്തിന്റെ കുറവും മൂലം വ്യവസായത്തിനു പൊതുവെ മാന്ദ്യം വന്നിട്ടുണ്ടു്. അതും ഈ വ്യവസായത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നുള്ള സംഗതിയും ഇവിടെ പ്രസ്താവയോഗ്യമാണു്.

സർ ഇവിടത്തെ വാദപ്രതിവാദവേളയിൽ ഈ ഗവണ്മെണ്ടിന്റെ വ്യവസായത്തെ പരമാർശിച്ചു സംസാരിക്കയുണ്ടായി. ഈ ഗവണ്മെണ്ടിന്റെ വ്യവസായത്തെ സംബന്ധിച്ചു് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെണ്ടിലേക്കുള്ള ഡിമാൻഡു് ഹാജരാക്കിക്കൊണ്ടു് ഞാൻ സംസാരിച്ചപ്പോൾ പ്രസ്താവിച്ചിട്ടുണ്ടു്. നിലവിലിരിക്കുന്ന വ്യവസായങ്ങളെ ദേശവൽക്കരിക്കണമെന്നു ഗവണ്മെണ്ടിനാഗ്രഹമില്ല. എന്നാൽ ഇൻഡസ്ട്രീസും ബേസിക്ക ഇൻഡസ്ട്രീസും; ഇൻഡസ്ട്രീസു് ആഫ് പബ്ലിക്കു് യൂട്ടിലിറ്റിയും കഴിയുന്നതും ഗവണ്മെണ്ടിന്റെ ഉടമയിൽ നടത്തണമെന്നു് വിചാരിക്കുന്നുണ്ടു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഈ പറഞ്ഞതുപോലുള്ള വ്യവസായങ്ങൾ ഈ ഗവണ്മെണ്ടു് സ്വന്തമായിട്ടു നടത്തണമെന്നാണോ അതോ ഇൻഡ്യാഗവണ്മെണ്ടുമായി ആലോചിച്ചിട്ടു അവരുടെ നിർദ്ദേശപ്രകാരം നടത്തണമെന്നാണോ വിചാരിക്കുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇവിടെ വലിയ വ്യവസായങ്ങൾ ആരംഭിക്കുമ്പോൾ ഈ ഗവണ്മെണ്ടു് ഇൻഡ്യാഗവണ്മെണ്ടുമായി ആവശ്യമായ കൺസൾട്ടേഷൻസു നടത്തുന്നതാണു്

Sahib Bahadur Abdul Razaak: Who is the final authority to decide these things ? Is it the Government of India or this Government ?

Sri.. N. Kunjuraman : It is decided in consultation with the Government of India.

Sahib Bahadur Abdul Razaak: So, a joint decision will be taken ?

Sri. N. Kunjuraman : Yes.

എന്നാൽ ഇന്നീ സഭയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള പല കാര്യങ്ങളിലും ഈ ഗവണ്മെണ്ടിന്റെ സത്വരശ്രദ്ധ ആകഷ്ടിക്കപ്പെട്ടിട്ടുണ്ടു്. പല നിയന്ത്രണങ്ങളും മാനേജ്മെണ്ടിനെ സംബന്ധിച്ചും തൊഴിലാളി സംഘടനകളെ സംബന്ധിച്ചും. ഗവണ്മെണ്ടിനു ചെലുത്തുവാൻ നിർബ്ബന്ധിതമായിത്തീർന്നിരിക്കുന്ന ഒരു കാലഘട്ടമാണിതു്. ഈ ഭിന്നരസമാധാനത്തെ ആസ്പദമാക്കി വ്യവസായഭദ്രതയെ സ്ഥാപിക്കുന്നതിനും വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകുന്നതിനും വ്യവസായ ഉടമകളിലും തൊഴിലാളി സംഘടനകളിലും ആവശ്യമായ നിയന്ത്രണങ്ങൾ ചെലുത്തുന്നതിനും മതിയായ നിയമങ്ങൾ നടപ്പിൽ വരുത്തണമെന്നു് ഗവണ്മെണ്ടിനാഗ്രഹമുണ്ടു്. ഇന്നു് വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ലാഭേഛക്കു വലിയ സ്ഥാനമില്ല. ഒരു വ്യവസായത്തിന്റെ പുരോഗതി നിർണ്ണയിക്കപ്പെടുന്നതു അതിൽനിന്നു കിട്ടുന്ന ആദായത്തെ ആസ്പദമാക്കിയല്ല എന്നുള്ള സംഗതി എല്ലാവർക്കും അറിവുള്ളതാണു്. ആ തത്വം അംഗീകരിച്ചും വ്യവസായങ്ങൾ പ്രവർത്തിക്കുന്നതാണു്. ഏനിക്കു് എന്റെ തൊഴിലാളി സഹോദരന്മാരോടു പറയാനുള്ളതു് അവരും ഇക്കാര്യങ്ങൾ മനസ്സിലാക്കി സഹകരണ ബുദ്ധിയോടുകൂടി സഹായകമായ ഒരു നിലസ്വീകരിക്കണമെന്നുള്ളതാണു്.

സർ, ഇവിടെ നടന്ന വാദപ്രതിവാദവേളയിൽ മറ്റൊരു സംഗതി ഉന്നയിക്കപ്പെട്ടു. അതു് കുടിൽവ്യവസായത്തെപ്പറ്റിയാണു് എന്റെ ബഹുമാന്യ സ്നേഹിതൻ എ. കെ. പാച്ചുപിള്ള അവർകൾ പറഞ്ഞു. ഇവിടെ വൻകിട വ്യവസായങ്ങൾക്കു് ഗവണ്മെണ്ടു് കോടിക്കണക്കിനു മുതൽ മുടക്കുമ്പോൾ കുടിൽവ്യവസായ പോഷണത്തിനായി ഒരു ചെറിയതുക മാത്രമേ നീക്കിവച്ചിട്ടുള്ളു എന്നു്. കുടിൽവ്യവസായം അഭിവൃദ്ധിപ്പെടേണ്ടതാണെന്നുള്ള സംഗതി വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്നു ഞാനും സമ്മതിക്കുന്നു. കുടിൽവ്യവസായം പ്രോത്സാഹിപ്പിക്കുന്നതുമൂലം തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടാക്കാമെന്നു ഗവണ്മെണ്ടിനറിയാം. അതുകൊണ്ടു് കുടിൽവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കു് പ്രത്യേകമായി നിഷ്കർഷ ചെലുത്തുവാൻ ആണു് ഗവണ്മെണ്ടു് ഒരു കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡ് സ്ഥാപിച്ചിട്ടുള്ളതു്. അതിനെ സംബന്ധിച്ചു് ചോദ്യോത്തരവേളയിൻ അവ

LIBRARY ARCHIVES Kerala Legislative Assembly

ശ്യമായ വിവരങ്ങൾ ഈ സഭയെ അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് കൂടുതലായി ഞാൻ പറയേണ്ട ആവശ്യമില്ല.

സർ, ഇതാണ് വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം, തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിൽ നിലവിലിരിക്കുന്ന വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെണ്ട് നേരിട്ട് നടത്തുന്നതും ഗവൺമെണ്ടിൽനിന്നും ഓഹരി എടുത്തു നടത്തുന്നതുമായ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളമുള്ള ഒരു സംക്ഷിപ്തവിവരം.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ വ്യവസായവാണിജ്യ ബോർഡ് സ്ഥാപിക്കുന്ന കാര്യത്തിൽ ഗവൺമെണ്ടിന്റെ നയമെന്താണ്?

ശ്രീ. എൻ. കുഞ്ഞുരാമൻ: കാര്യമേഴ്സു ഇപ്പോൾ ഒരു സെൻടൽ വിഷയമായിരിക്കയാണ്. എന്നാൽ ഇവിടത്തെ ഉല്പന്നങ്ങൾക്കു ശരിയായ മാർക്കറ്റ് കണ്ടുപിടിക്കുന്നതിനും ഇൻഡ്യാ ഗവൺമെണ്ടിനെ ഉപദേശം കൊടുക്കുന്നതിനും ഇവിടത്തെ വ്യവസായ വിദഗ്ദ്ധന്മാരടങ്ങിയ ഒരു ബോർഡ് കാൻസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതാണെന്നു് ഇതിനു മുമ്പുതന്നെ ഇവിടെ പ്രസ്താവിച്ചിട്ടുള്ളതാണ്. അതല്ലാതെ പ്രത്യേകമായി ഇതു സംബന്ധിച്ച് ഡീൽചെയ്യാൻ ഈ ഗവൺമെണ്ടിനു പ്രത്യേകാധികാരങ്ങൾ ഒന്നുംതന്നെ ഇല്ല. സർ, ഞാൻ ഇത്രയും പ്രസ്താവിച്ചതിൽനിന്നും ഒരു സംഗതി വ്യക്തമാണ് എന്നു വിചാരിക്കുന്നു. നമ്മുടെ വ്യവസായസ്ഥാപനങ്ങൾ അപകടമേഖലയിലാണെന്നു വിചാരിക്കാൻ കാരണമില്ല. ഗവൺമെണ്ട് ഇതു പറയുമ്പോൾ ഇന്നു നിയമസഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാർ ഉന്നയിച്ച സംഗതികൾക്ക് പ്രസക്തിയില്ലെന്നു ഞാൻ പറഞ്ഞതായി ധരിക്കരുതു്. ഇന്നു ഗവൺമെണ്ടിൽനിന്നും ഒരു പ്ലാനിംഗ് ബോർഡ് നിയമിച്ചിട്ടുണ്ട്. ആ പ്ലാനിംഗ് ബോർഡിൽ പല ഇൻഡസ്ട്രീയസ് ലിസ്റ്റും ഉണ്ട്. ആ പ്ലാനിംഗ് ബോർഡിന്റെ പ്രവർത്തനം ഇൻഡ്യാ ഗവൺമെണ്ടിന്റെ പ്ലാനിംഗ് ബോർഡുമായി കോ ഓർഡിനേറ്റ് ചെയ്തു നടത്തുന്നതുമാണെന്നു പ്രസ്താവിക്കയുണ്ടായി. ഈ രാജ്യത്തു തുടങ്ങുവാനുദ്ദേശിക്കുന്ന പുതിയ വ്യവസായങ്ങൾ നിലവിലിരിക്കുന്ന വ്യവസായങ്ങൾക്കു Supplementary and Complementary ആയിരിക്കണം. ഒരു പ്ലാനിംഗിന്റെ അടിസ്ഥാനത്തിലായിരിക്കണം ഉള്ള വ്യവസായങ്ങളും പുതിയ വ്യവസായങ്ങളും പ്രവർത്തനം നടത്തേണ്ടതു്. പ്ലാനിംഗ് കമ്മീഷനു നിലവിലിരിക്കുന്ന വ്യവസായങ്ങളുടെ പ്രവർത്തനത്തേയും ധനസമിതിയേയും അന്വേഷിക്കുന്നതിനുള്ള അവകാശവും അധികാരവും ഉണ്ടായിരിക്കണമെന്നാണ് എന്റെ അഭിപ്രായം.

ഇതിൽ കൂടുതലായി ഈ റസലൂഷനെ സംബന്ധിച്ച് എതെങ്കിലും ചെയ്യണമെന്നു് ഗവൺമെണ്ടാഗ്രഹിക്കുന്നില്ല എന്നു് പറയുമ്പോൾ ഈ റസലൂഷനിൽ അടങ്ങിയിരിക്കുന്ന തത്വത്തെ ഗവൺമെണ്ടു അംഗീകരിക്കുന്നില്ല എന്നു അർത്ഥമാക്കരുതു്. ഈ റസലൂഷനെ എതിർത്തുകൊണ്ടു പ്രതിപക്ഷത്തെ ഒരു ബഹുമാനപ്പെട്ട മെമ്പർ ഈ പ്രമേയത്തെ എതിർക്കുന്നു എന്നു പറഞ്ഞു. കാരണം അല്പം കഴിയുമ്പോൾ ഈ പ്രമേയം പ്രയോക്താവു് പിൻവലിക്കപ്പെടുമെന്നുള്ളതാണ്. ഒരു രാജ്യത്തെ ഭരിക്കുന്ന ഒരു കക്ഷിയിലെ ഒരു മെമ്പർ ഇതു സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾ നടത്തുന്നതിനുവേണ്ടി ഒരു പ്രമേയം അവതരിപ്പിച്ചുകൊണ്ട് അതു ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിയതിനുശേഷം അതു പിൻവലിക്കുന്നതു് ഒരു അത്ഭുതമല്ല. ഈ അവസരം ഉപയോഗപ്പെടുത്തി ഗവർമ്മെണ്ടിനെ ആവശ്യമില്ലാതെ വിമർശിക്കുന്നതിനു് പ്രതിപക്ഷം മുതിരുന്നതിലും എനിക്കു അത്ഭുതമില്ല. ഈ പ്രമേയം അവതരിപ്പിച്ചതിനുശേഷം അതു പിൻവലിക്കണമെന്നു വന്നാൽ തന്നെ ആവശ്യമായ എല്ലാ നടപടികളും ഗവൺമെണ്ടു് സ്വീകരിക്കുന്നതുമാണ്.

ശ്രീമാൻ മൂക്കാസ് അവർകൾ പറയുകയുണ്ടായി ഒരു വിദഗ്ദ്ധക്കമ്മറ്റിയെ നിയമിച്ചു് അന്വേഷണം നടത്തുകയാണെങ്കിൽ അതു് ഫലത്തിൽ ഗുണത്തേക്കാൾ ദോഷകരമായിത്തീരുമെന്നും ഓരോ വ്യവസായത്തേയും അതിന്റെ മെരിറ്റ്സിൽമാത്രം ആലോചിച്ചു വേണ്ടതു പ്രവർത്തിക്കുകയാണു നല്ലതെന്നും. അതു ശരിയാണ്. അതു ഞാൻ സ്വീകരിക്കുന്നു. ഈ പ്രമേയം പിൻവലിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പാലം തളിയത്തു്: ഇപ്പോൾ ഗവർമ്മെണ്ടു് ഷെയർ എടുത്തിട്ടുള്ള ഓരോ കമ്പനിയിലും വച്ചിട്ടുള്ള ഗവർമ്മെണ്ടിൽനിന്നും നാമിനേറ്റ് ചെയ്തിട്ടുള്ള ഡയറക്ടറന്മാർ ഒരു സ്റ്റീപ്പിംഗ് മൂഡിലാണ് പ്രവർത്തനം നടത്തുന്നതെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കുഞ്ഞുരാമൻ: അവർ കുറെക്കൂടി ജാഗ്രതയായി പ്രവർത്തനം നടത്തുന്നതിനു് ഗവർമ്മെണ്ടു് ശ്രദ്ധിക്കുന്നതാണു്. വളരെ ജാഗ്രതയായി അവർ അവരുടെ ജോലി നിർവ്വഹിക്കുന്നതിനു് വേണ്ട നടപടികൾ എടുക്കുന്നതാണു്.

ശ്രീ. കെ. എ. മാത്യു: അതുപോലെതന്നെ പാരി ആൻഡ് കമ്പനിയുടെ പ്രവർത്തനത്തെപ്പറ്റിയും ശ്രദ്ധിക്കുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഗവർമ്മെണ്ടു് ഓഹരി എടുത്തിട്ടുള്ള സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം നിയമനം നടക്കുന്ന രീതിയിൽ മാനേജിംഗ് ഏജൻസികളെ നിയന്ത്രിക്കുവാൻ ഗവർമ്മെണ്ടാഗ്രഹിക്കുന്നുണ്ടു്. അതേസംബന്ധിച്ചു് ഇന്നു ചോദ്യോത്തരവേളയിൽതന്നെ ഏതാനും സംഗതികൾ പറഞ്ഞിട്ടുണ്ടു്.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: ഈ പ്രമേയത്തിന്റെ തത്വത്തെ സ്വീകരിക്കുന്നു എന്നു പറഞ്ഞു. പിന്നെ അതു പാസ്സാക്കിയാൽ എന്താണു്?

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: സർ, ചില ബഹുമാനപ്പെട്ട മെമ്പറന്മാർ ഇവിടെ പറഞ്ഞതുപോലെ അത്ര ലാഘവമനോഭാവത്തോടു കൂടിയല്ല ഞാൻ ഇവിടെ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതു്.

Sahib Bahadur A. Abdul Razaak: Is the Hon'ble Member replying to the debate?

Sahib Bahadur K. A. Muhammed: Yes. I am replying to the debate.

എന്റെ സ്നേഹിതൻ ശ്രീ. ബാലകൃഷ്ണൻതമ്പി ഇവിടെ പറയുകയുണ്ടായി ഒന്നര വർഷം മുമ്പു് ഇതേപ്രമേയം തന്നെ ഇവിടെ അവതരിപ്പിക്കയും അദ്ദേഹം അതേപ്പറ്റി സംസാരിക്കയും ചെയ്തു എന്നു്. മറ്റു ജോലിയില്ലാതെ രണ്ടാമതും ഈ പ്രമേയം ഇവിടെ അവതരിപ്പിക്കയുണ്ടായി എന്നു ഒരു നേരംപോക്കമട്ടിൽ സംസാരിച്ചു. അദ്ദേഹം എന്നെ ചരിത്രം പഠിപ്പിച്ചിട്ടുണ്ടു്. എന്നാൽ ഇപ്പോൾ ആ ചരിത്രം മാറി എഴുതിയിരിക്കയാണല്ലോ. അദ്ദേഹം എന്നെ സാമ്പത്തികശാസ്ത്രം പഠിപ്പിച്ചിട്ടില്ല. അതു നന്നായി. ഞാൻ ഈ പ്രമേയം ഇവിടെ ഹാജരാക്കിയതു ഗവർമ്മെണ്ടു വേണ്ടനടപടി എടുത്തില്ലെങ്കിൽ വ്യവസായങ്ങൾ നശിച്ചുപോകുമെന്നുള്ള അഭിപ്രായംകൊണ്ടല്ല, അങ്ങിനെ ഉണ്ടായിട്ടുണ്ടെന്നു് ബോദ്ധ്യംവന്നതുകൊണ്ടുമല്ല. ഇന്നത്തെ ജനകീയ ഗവർമ്മെണ്ടു ഒന്നരവർഷത്തിനുമുമ്പു് അധികാരത്തിൽ വന്നപ്പോഴാണു് ഈ പ്രമേയം ഞാൻ അവതരിപ്പിച്ചതു്. അന്നു് അധികാരത്തിൽ ഇരുന്ന ഗവർമ്മെണ്ടിനു് ഇതേ സംബന്ധിച്ചു് വേണ്ടുവോളം പഠിക്കുന്നതിനു് സൗകര്യം ലഭിച്ചിട്ടില്ല. അതിനാൽ അന്നു് ഈ പ്രമേയത്തെപ്പറ്റി വാദപ്രതിവാദം കഴിഞ്ഞു പിൻവലിക്കയാണുണ്ടായതു്. എന്നാൽ അതു കഴിഞ്ഞിട്ടു ഒന്നര വർഷത്തിനുശേഷവും ഇവിടത്തെ വ്യവസായകാര്യത്തിൽ യാതൊരു ഫലവുമുണ്ടായിട്ടില്ല. അതിനുള്ള ഉത്തരവാദികൾ ഡിപ്പാർട്ടുമെണ്ടോ മറ്റാളുകളോ അല്ലെന്നു എനിക്കു് ബോദ്ധ്യമുണ്ടു്. ഈ വ്യവസായനയത്തെ സംബന്ധിച്ചു വേണ്ട വിധത്തിൽ ഒരു വാദപ്രതിവാദം നടത്തുകയും അതിന്റെ വെളിച്ചത്തിൽ ഇന്നത്തെ ഗവർമ്മെണ്ടു അതിലേയ്ക്കു ഒരു കാര്യപരിപാടി രൂപീകരിക്കുകയും ചെയ്തതാൽ കൊള്ളാമെന്ന ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതു്. എന്റെ ഒരു മാന്യസ്നേഹിതൻ ഭായ്യോടു കല്ലിക്കുന്ന വിധത്തിൽ ഒരു സംഗതി ഇവിടെ പറയുകണ്ടായി.

Sri. P. M. Varghese: Sir, on a point of order. If the member is withdrawing his motion can he make a speech?

Mr. Deputy Speaker: He can make a speach even then.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഇവിടത്തെ വ്യവസായ വകുപ്പിന്റെ ഉത്തരവാദിത്വം വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി അവർകൾ പറയുകയുണ്ടായി ഇവിടത്തെ വ്യവസായം അപകടമേഖലയിൽ കൂടിയല്ല പോകുന്നതെന്നു്. ആ വകുപ്പിന്റെ ഉത്തരവാദിത്വം വഹിക്കുന്ന അദ്ദേഹത്തിൽനിന്നു് അപ്രകാരം ഒരു മറുപടി കേൾക്കുവാൻ സാധിച്ചതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. അങ്ങിനെ ഇവിടത്തെ വ്യവസായം അപകട മേഖലയിൽ ചരിക്കാതിരിക്കട്ടെ എന്നു് ഞാൻ പ്രാർത്ഥിക്കുന്നു. എന്നാൽ അദ്ദേഹം പറഞ്ഞതിനെപ്പറ്റി ഒന്നു രണ്ടു വാക്കുകൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂറിൽ ഗവർമ്മെണ്ടു് മുതൽ മുടക്കിയിട്ടുള്ള ഏതാനും കമ്പനികളിൽ നിന്നും ഏതാനും സംഖ്യ ഡിവിഡണ്ടു് കിട്ടുന്നു എന്നു് അദ്ദേഹം പറഞ്ഞു. അഞ്ചു കോടിയോളം ഉറുപ്പിക ഗവർമ്മെണ്ടിൽനിന്നു ഏതാനും കമ്പനികളിൽ മുടക്കിയിട്ടുണ്ടെങ്കിലും, ഏതാണ്ടു ആറോ ഏഴോ ലക്ഷം ഉറുപ്പിക മുടക്കിയിട്ടുള്ള ചില കമ്പനികളിൽനി

LIBRARY ARCHIVES Kerala Legislative Assembly

ന്നേ ഡിവിഡണ്ട് കിട്ടിയിട്ടുള്ളൂ എന്നാണ് അദ്ദേഹം പറഞ്ഞതിൽനിന്നും മനസ്സിലാകുന്നതു്. ആ വാദംതന്നെയാണ് എനിക്കു അദ്ദേഹത്തിന്റെ നേരെ തിരിച്ചു വിടുവാനുള്ളതു്. എല്ലാ വ്യവസായപ്രമുഖന്മാരും ഉൾക്കൊണ്ടു നടത്തുന്ന ചില വ്യവസായങ്ങളിൽനിന്നു ഏതാനും സംഖ്യ ലാഭം കിട്ടുന്നുവെന്നും, എന്നാൽ ഗവണ്മെണ്ടിന്റെ ധാരാളം പണം മുടക്കി ഗവണ്മെണ്ടിൽനിന്നു നിയമിക്കുന്ന ഒന്നോ രണ്ടോ ഡയറക്ടർമാർ മാത്രം ഉൾക്കൊണ്ടു നടത്തുന്ന ഇവിടത്തെ വൻകിട വ്യവസായങ്ങളിൽനിന്നു യാതൊന്നും കിട്ടുന്നില്ലെന്നുമാണ് അദ്ദേഹത്തിന്റെ പ്രസ്താവനയിൽനിന്നും മനസ്സിലാകുന്നതു്.

Sri. P. M. Verghese : Sir, I invite your, attention to Standing Order 56 (*a*).

Mr. Deputy Speaker : There was a previous ruling with regard to this and according to that Hon'ble Member has the right to reply.

സാഹിബു് ബഹദൂർ കെ. എ. മുഹമ്മദു് : അതുകൊണ്ടാണു് ഗവണ്മെണ്ടു് കൂടുതൽ ധനം മുടക്കിയിട്ടുള്ള കമ്പനികളിൽ മറ്റു ഡയറക്ടർമാർ വേണ്ടത്ര ശ്രദ്ധാന്തി പ്രദർശിപ്പിക്കുന്നില്ലെന്നും മാനേജുമെൻറിന്റെ അനാവശ്യമായ ചെലവുകൾകൊണ്ടു നാം പ്രതീക്ഷിക്കുന്ന ലാഭം കിട്ടുന്നില്ല എന്നും ഞാൻ പറഞ്ഞതു്. ഉദാഹരണമായി എച്ചു്. ഐ. ടി. കമ്പനിയുടെ മാനേജുമെൻറിനെ പ്രത്യേകം നിയന്ത്രിക്കുന്നതിനു പേരടങ്ങിയ ഒരു കമ്മറ്റിയെ വച്ചു എന്നും ആ കമ്മിറ്റിയുടെ നിയന്ത്രണംകൊണ്ടു് ഏതാണ്ടു് എൺപതിനായിരം ഉറുപ്പിക ലാഭമുണ്ടെന്നും ഇവിടെപറയുകയുണ്ടായി. അതു മാത്രമല്ല കമ്പനികളെ സംബന്ധിച്ചും പ്രയോഗത്തിൽ വരുത്തിയിട്ടു ഇവിടത്തെ വ്യവസായം അപകടനിലയിൽ സഞ്ചരിക്കുന്നില്ല എന്നു പറയുകയാണെങ്കിൽ അതു ശരിയാണു്. ഏതായാലും ഗവണ്മെണ്ടു ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധാന്തിയോടും കാര്യക്ഷമതയോടും പ്രവർത്തിച്ചുവരുന്നുണ്ടെന്നു പറഞ്ഞതുകൊണ്ടും എന്റെ പ്രമേയത്തിന്റെ തത്വം സ്വീകരിച്ചതുകൊണ്ടും ഞാൻ ഈ പ്രമേയം സഭയുടെ അനുവാദത്തോടുകൂടി പിൻവലിച്ചുകൊള്ളുന്നു.

Sahib Bhadur A. Abdul Razaak : Sir, I object to leave being granted to withdraw the motion.

The question that leave be granted to withdraw the motion was put and carried.

Sahib Bahadur A. Abdul Razaak : Sir, I demand poll.

A poll was taken when the House divided as follows.—

Ayes—48

1	Miss Accamma Cheriyan	25	Sri. C. Narayana Pillai
2	Sri. Krishnan Ayyappan	26	,, T. K. Narayana Pillai
3	,, K. Ayyappan	27	,, G. P. Nilakanta Pillai
4	,, P. Balakrishnan Thampi	28	,, Mannathu Padmanabha Pillai
5	,, N. V. Chacko	29	,, M. Palpu
6	,, G. Chandrasekara Pillai	30	,, P. K. Paul
7	,, K. M. Chandy	31	,, Paul Thaliat
8	,, K. K. Chellappan Pillai	32	,, Poulose Pylee
9	,, N. Daniel Jose	33	,, K. Ramachandran
10	,, T. V. Devan	34	,, K. Ramakrishna Pillai
11	,, Ambat Eachara Menon	35	,, P. K. Raman
12	,, K. R. Elankath	36	,, M. Raman Pillai
13	,, Kannara Gopala Panicker	37	,, R. Sankar
14	,, Panampilli Govinda Menon	38	,, T. M. Sannalan
15	,, A. J. John	39	,, K. Sekhara Panicker
16	,, E. John Philipose	40	,, S. Sivaraman Asari
17	,, T. T. Kesavan Sastri	41	,, A. P. Udayabhanu
18	,, N. Kunjuraman	42	,, P. M. Varghese
19	,, Mankuzhi M. Madhavan	43	,, N. P. Varghese
20	,, V. Madhavan	44	,, V. K. Varghese
21	,, K. A. Mathew	45	,, M. Varkey
22	Sahib Bahadur K. A. Muhammed	46	,, K. K. Vasu Panicker
23	,, P. S. Muhammed	47	,, M. R. Velappan
24	Sri. P. Nanoo	48	,, K. I. Velayudhan

LIBRARY ARCHIVES Kerala Legislative Assembly

Noes 9

1 Sahib Bahadur A. Abdul Razaak
2 Sri. Chellaswami Nadar
3 „ Elias (Mary Antony)
4 „ Gabriel Nadar
5 „ P. C. George
6 Sahib Bahadur T. A. Moideen Kunju
7 Sri. D. Ponniah
8 „ A. Ramasubramania Karayalar
9 „ K. P. Nilakanta Pillai

The motion was declared carried 48 voting for and 9 against.

The resolution, by leave, was withdrawn

Resolution regarding representations of Harijans in Public Service

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : സർ, ഞാൻ അവതരിപ്പിക്കുന്ന പ്രമേയം ഇതാണ്.—തിരുവിതാംകൂർ–കൊച്ചി സംസ്ഥാനപബ്ലിക്ക് സർവ്വീസിൽ, സംസ്ഥാനത്തെ ഹരിജനങ്ങൾക്ക് ന്യായമായ പ്രാതിനിധ്യറിസർവ്വേഷൻ അനുവദിക്കാൻ ഉടനടി വേണ്ടതു ചെയ്യണമെന്നു് ഈ അസംബ്ലി ഗവൺമെണ്ടിനോടു് അപേക്ഷിച്ചുകൊള്ളുന്നു.

ഈ പ്രമേയം ബഹുമാനപ്പെട്ട സഭയുടെ ദയവേറിയ പരിഗണനക്കു് വിഷയമാക്കുവാൻ സൗകര്യം കിട്ടിയതിൽ എനിക്കുള്ള സന്തോഷം ആദ്യമായി രേഖപ്പെടുത്തിക്കൊള്ളട്ടെ. പ്രമേയം മൂലം ഞാൻ ആവശ്യപ്പെട്ടുന്നതു് തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തെ പബ്ലിക്ക സർവ്വീസിൽ പ്രാതിനിധ്യം ഗണ്യമായി ലഭിച്ചിട്ടില്ലാത്ത ഒരു വലിയ ജനതതിയെ— ഹരിജനങ്ങളെ — പ്രത്യേകമായി പരിഗണിക്കണമെന്നും അവക്കു് ഒരു നിശ്ചിതകാലത്തേക്കെങ്കിലും റിസർവേഷൻ അനുവദിക്കണമെന്നുമാണു്. ഇന്നു ഗവൺമെണ്ടിനെ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനചില പ്രശ്നങ്ങളുണ്ടു്. ആ പ്രശ്നങ്ങളിൽഒന്നു് പബ്ലിക്കു് സർവ്വീസു പ്രാതിനിധ്യക്കായ്മയാണെന്നുള്ള വസ്തുത ഇവിടെഇരിക്കുന്ന എല്ലാ ബഹുമാനപ്പെട്ട മെമ്പറന്മാർക്കും അറിയാവുന്നതാണല്ലോ. പബ്ലിക്കു് സർവ്വീസിലെ പ്രാതിനിധ്യവാദംകൊണ്ടു്, പൊതുവേ സകല ഗവൺമെണ്ടുകളും മിക്കവാറും വിഷമതകരം അനുഭവിക്കുന്നുണ്ടെന്ന രഹസ്യവും നമുക്കെല്ലാവർക്കും അറിയാവുന്നതാണു്. പഠിപ്പിന്റേയും പരിക്ഷായോഗ്യതയുടേയും മറ്റു പ്രധാനകായ്ക്ഷമതാവാദത്തിന്റേയും പേരിൽ, പബ്ലിക്കു് സർവ്വീസിൽ പരിഗണനകൾ കൈകായ്ക്കും ചെയ്യുന്ന ഒരവസരത്തിൽ പ്രാതിനിധ്യം കുറഞ്ഞ വിഭാഗക്കാർക്കു് പ്രത്യേകം ദാക്ഷിണ്യങ്ങൾ നൽകണമെന്നു് അപേക്ഷിക്കുന്നതു് ഏറ്റവും ന്യായോചിതമായ ഒരു കായ്മായിരിക്കുമെന്നതന്നെ, ഞാൻ കരുതുന്നു. ഹരിജൻ പ്രശ്നത്തിന്റെ പ്രാഥമ്യത്തെ സംബന്ധിച്ചിടത്തോളം ലോകം ഒരുപോലെ അതു് അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്നും, സർവ്വോപരി കാൺഗ്രസ് ഗവൺമെണ്ടുകളുടെ പ്രത്യേകശ്രദ്ധ അതു് അർഹിക്കുന്നവിധത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നും ഉള്ള കായ്ം ഈ സന്ദർഭത്തിൽ ഓർക്കുന്നതു് ന്യായമായിരിക്കുമെന്നും ആണു് ഞാൻ വിചാരിക്കുന്നതു്. അസ്പതന്ത്രയായിരുന്ന ഇൻഡ്യക്കു് സ്വാതന്ത്ര്യം കൈവരിക്കുവാൻ പ്രയത്നിച്ച —മഹാത്മാഗാന്ധിയെ സ്മരിച്ചാൽ—ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിൽ സർവ്വോപരി കേന്ദ്രീകരിച്ചിരുന്ന ഹരിജൻ പ്രശ്നത്തിന്റെ വിവിധവശങ്ങളും കാണാം. മഹാത്മജിയുടേയും കാൺഗ്രസിന്റേയും ശ്രദ്ധക്കു്, അവ ഗാഢമായി വിഷയീഭവിച്ചിട്ടുള്ള ഹരിജൻ പ്രശ്നത്തിനു് ഇന്നു് വിജയം ലഭിക്കുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. ഈ സന്ദർഭത്തിൽ ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഗവൺമെണ്ടു് ഹരിജനങ്ങളുടേയും അവശസമുദായക്കാരേയും പ്രാതിനിധ്യക്കായ്ത്തിലും മറ്റു പിന്നോക്കം നിൽക്കുന്നവരുടെ പ്രാതിനിധ്യത്തിലുംദയവായിശ്രദ്ധിച്ചുപോരുന്നുണ്ടെന്നും അവരുടെ അവകാശങ്ങളിൽ കാരുണ്യം കാണിക്കുന്നുണ്ടെന്നും പറയുന്നതു് പരമാർത്ഥം മാത്രമായിരിക്കും. മുമ്പായ്പൂർവ്വം ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു ജനവിഭാഗത്തിന്റെ കായ്ത്തിൽ ഇങ്ങനെ ഒരു പ്രമേയം മുഖേന ഈ ഹൗസിന്റെ ശ്രദ്ധയെ ക്ഷണിക്കേണ്ടതുണ്ടോ എന്നു ആരെങ്കിലും സംശയിക്കുന്നുണ്ടെങ്കിൽ, ഇതു് പബ്ലിക്കു് സർവ്വീസ്സിലെ പ്രാതിനിധ്യറിസർവ്വേഷൻ കായ്മാണെന്ന മാത്രം അവർ ധരിച്ചാൽ മതി. പബ്ലിക്കു് സർവ്വീസിലെ പ്രാതിനിധ്യത്തെപ്പറ്റി അനുസ്മരിക്കുന്നപക്ഷം വർഗ്ഗീയപ്രാതിനിധ്യകായ്ം പ്രധാനമായ ഒരു വാദവിഷയമായിരുന്നുവെന്നു മനസ്സിലാക്കാൻ കഴിയും. പുതിയ ഭരണഘടനയനുസരിച്ചു് ഹരിജനങ്ങൾക്കു പ്രത്യേക സൗജന്യവും പ്രോത്സാഹനവും നൽകുന്നതിലേക്കു് വ്യവസ്ഥകളും ചെയ്തിട്ടുണ്ടു്. അതനുസരിച്ചു ഹരിജനങ്ങൾ അർഹിക്കുന്ന നന്മകൾ അവക്കു് നൽകുവാൻ ഗവൺമെണ്ടിനോടു് ഞാനപേക്ഷിക്കുന്നു. ഒരു നി

LIBRARY ARCHIVES Kerala Legislative Assembly